# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി5 /1442/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 03/11/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി5 /1442/21 തീയ്യതി: 03/11/2021

## കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-02-2020 മുതൽ 10-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | 11-10-2021 | 26-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-10-2021 | 26-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ബാലകൃഷ്ണൻ കെ.എം,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ഗിരീശൻ പാറപ്പൊയിൽ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
രാജീവൻ എൻ,സീ.ഗ്രേ.ഓഡിറ്റർ,
ജാസിർ സി.എം,ഓഡിറ്റർ,
ശ്രീജിത് കെ.വി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ എ മോഹനൻമാസ്റ്റർ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി സബിത മണക്കുനി | ചെയർപേഴ്സൺ | 21-12-2020 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബിജു എം | സെക്രട്ടറി | 01-04-2020 | 21-08-2020 |
| ശ്രീ സജിത്കുമാർ എം കെ | സെക്രട്ടറി | 14-10-2020 | 20-02-2021 |
| ശ്രീമതി സിന്ധു പി ജി | സെക്രട്ടറി | 08-03-2021 | 31-03-2021 |
| ശ്രീ പ്രകാശൻ പി.എം | അസി.സെക്രട്ടറി(സെക്രട്ടറി ഇൻചാർജ്) | 22-08-2020 | 13-10-2020 |
| ശ്രീ പ്രകാശൻ പി.എം | സി.സെക്രട്ടറി(സെക്രട്ടറി ഇൻചാർജ്) | 21-02-2021 | 07-03-2021 |
| ശ്രീ ശിൽപപ്രസാദ് | അസി.എഞ്ചിനീയർ | 01-04-2020 | 03-07-2020 |
| ശ്രീമതി വിൻസിവിജയൻ | അസി.എഞ്ചിനീയർ | 04-07-2020 | 31-01-2021 |
| ശ്രീമതി സോനു എം ചന്ദ്ര | അസി.എഞ്ചിനീയർ | 01-02-2021 | 31-03-2021 |
| ശ്രീ ജോണി ആർ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി ജംഷീറ | വി ഇ ഒ | 01-04-2020 | 30-09-2020 |
| ശ്രീ ബിജിത് കുമാർ | വി.ഇ.ഒ | 01-10-2020 | 31-03-2021 |
| ഡോ. ഉഷ | മെഡിക്കൽ ഓഫീസർ ,സിഎച്ച് സി | 01-04-2020 | 31-03-2021 |
| ശ്രീമതി ഷബ്നം സി കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 23-12-2020 |
| ശ്രീമതി അനില എം എ | കൃഷി ഓഫീസർ | 01-04-2020 | 08-06-2020 |
| ശ്രീ അമൽ എസ് ഡി | കൃഷി ഓഫീസർ | 09-06-2020 | 15-10-2020 |

| | | | |
|---|---|---|---|
| ശ്രീമതി നിത്യ എൻ | കൃഷി ഓഫീസർ | 16-10-2020 | 12-03-2021 |
| ശ്രീമതി വിജയലക്ഷ്മി സി എച്ച് | കൃഷി ഓഫീസർ | 13-03-2021 | 31-03-2021 |
| ഡോ.റുബീന | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ ആനന്ദ് പി ആർ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീ ബാലൻ എം | ഹെഡ്മാസ്റ്റർ | 01-04-2020 | 31-05-2020 |
| ശ്രീമതി പ്രതിഭ | എച്ച് എം | 01-06-2020 | 31-03-2021 |
| ശ്രീ പ്രകാശൻ പി.എം | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ.സുനിൽകുമാർ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി സിജിന എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 15-02-2021 |
| ശ്രീ മഹേഷ് കെ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 16-02-2020 | 31-03-2021 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സാമ്പത്തിക പ്രവർത്തനങ്ങൾ ബജറ്റിന് അനുസൃതമല്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 1-1 |
| 2 | എല്ലാ ബജറ്റ് രേഖകളും തയ്യാറാക്കിയിട്ടില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 1-1-1 |
| 3 | വാർഷിക പദ്ധതിയ്ക്ക് തുക വകയിരുത്തിതിൽ വീഴ്ച വന്നു<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 1-1-2 |
| 4 | റോഡ് മെയിന്റനൻസ് ഗ്രാന്റ്-വകയിരുത്തിയതിൽ അപാകത<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 1-1-3 |
| 5 | ബജറ്റ് എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിയാനങ്ങൾ-ബജറ്റ് പുതുക്കുന്നില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 1-1-4 |
| 6 | വാർഷിക ധനകാര്യപത്രിക<br>Written By: Jasir C M (Auditor, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 1-2 |
| 7 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Jasir C M (Auditor, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 1-2-1 |
| 8 | സാമ്പത്തിക വിശകലനം(റെസീറ്റ്&പേയ്മെന്റ് പ്രകാരം)<br>Written By: Jasir C M (Auditor, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 1-3 |
| 9 | ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ<br>Written By: Jasir C M (Auditor, On 26-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 1-4-1 |
| 10 | പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി<br>Written By: Gireeshan Parappoyil (Audit Officer (HG), On 26-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 1-6 |
| 12 | റിവർ മാനേജ്മെന്റ് ഫണ്ട് തനത് ഫണ്ടിലേയ്ക്ക് വകമാറ്റി<br>Written By: Jasir C M (Auditor, On 26-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 1-7 |
| 13 | വാടക വരവ്- രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Srijith K.V (Auditor, On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 1-8 |
| 14 | രശീത് പിരിവിലെ അപാകതകൾ<br>Written By: Srijith K.V (Auditor, On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 1-9 |
| 15 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയില്ല-ഡിമാന്റ് അപൂർണ്ണം<br>Written By: Srijith K.V (Auditor, On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 1-10 |
| 16 | കെട്ടിട നിർമ്മാണ നിയന്ത്രണം- നടപടിക്രമങ്ങളിൽ വീഴ്ച .<br>Written By: Srijith K.V (Auditor, On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 1-11 |
| 17 | ടർഫ്- ക്രമവത്കരണ അപേക്ഷയിന്മേൽ നടപടി | 1-11-1 |

| | | |
|---|---|---|
| | സ്വീകരിച്ചില്ല.<br>Written By: Srijith K.V (Auditor, On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | |
| 18 | കെട്ടിട നിർമ്മാണ നിയന്ത്രണം- പരാതികളിന്മേൽ നടപടിയില്ല<br>Written By: Srijith K.V (Auditor, On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 1-11-2 |
| 19 | ഒക്യുപൻസിക്ക് ശേഷം കെട്ടിടത്തിന്റെ ഘടനയിലും വിനിയോഗത്തിലും മാറ്റം വരുത്തി<br>Written By: Srijith K.V (Auditor, On 28-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 1-11-3 |
| 20 | ബസ് സ്റ്റാന്റ് നിർമ്മാണം -സാങ്കേതിക പ്രശ്നങ്ങൾ പ്രൊജക്ട് നിർവ്വഹണത്തെ ബാധിക്കുന്നു.<br>Written By: Gireeshan Parappoyil (Audit Officer (HG), On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 1-12 |
| 21 | തൊഴിൽ നികുതി- അപാകതകൾ<br>Written By: Srijith K.V (Auditor, On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 1-13 |
| 22 | തറനിർമ്മിതിയുടെ തരത്തിനനുസൃതമായി വസ്തുനികുതിയിൽ വർദ്ധനവ് ബാധകമാക്കുന്നില്ല.<br>Written By: Srijith K.V (Auditor, On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 03-11-2021) | 1-14 |
| 23 | ലൈബ്രറി പ്രവർത്തനം - കാര്യക്ഷമമല്ല.<br>Written By: Srijith K.V (Auditor, On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 1-15 |
| 24 | സുഭിക്ഷ കേരളം- മത്സ്യോത്പാദന പദ്ധതികൾ നടപ്പാക്കിയില്ല.<br>Written By: Srijith K.V (Auditor, On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 1-16 |
| 25 | ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ - തുക നൽകി മാസങ്ങൾ കഴിഞ്ഞിട്ടും സാധനങ്ങൾ ലഭിച്ചില്ല.<br>Written By: N. Rajeevan (Senior Grade Auditor, On 26-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 1-17 |
| 26 | റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിലെ അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 26-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 1-18 |
| 27 | പൊതുമരാമത്ത് പദ്ധതികളുടെ ആസൂത്രണം നിർവ്വഹണം - പൊതു അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 26-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 1-19 |
| 28 | ഇടവിളകൃഷി വികസനം (വനിത)- പദ്ധതി രൂപീകരിച്ചതിലും നിർവ്വഹണം നടത്തിയതിലും അപാകതകൾ<br>Written By: Balakrishnan K.M (Audit Officer (HG), On 26-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 1-20 |
| 29 | നേന്ത്രവാഴകന്ന് വിതരണം - പദ്ധതി നിർവ്വഹണം നടത്തിയതിലെ അപാകതകൾ<br>Written By: Balakrishnan K.M (Audit Officer (HG), On 26-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 1-21 |
| 30 | ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകിയതിലെ അപാകതകൾ<br>Written By: Balakrishnan K.M (Audit Officer (HG), On 26-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 1-22 |

| | | |
|---|---|---|
| 31 | പദ്ധതി നടത്തിപ്പിൽ അഗതിരഹിതകേരളം പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് മുൻഗണന നൽകുന്നില്ല<br>Written By: Balakrishnan K.M (Audit Officer (HG), On 26-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 1-23 |
| 32 | പാലിയേറ്റീവ് കെയർ-മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായില്ല.<br>Written By: Jasir C M (Auditor, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 1-24 |
| 33 | വലിയ പ്രവൃത്തികൾക്ക് നൽകുന്ന ഓവർഹെഡ് ചാർജ് ചെറിയ പ്രവൃത്തികൾക്കും നൽകുന്നു - പഞ്ചായത്തിന് നഷ്ടം<br>Written By: N. Rajeevan (Senior Grade Auditor, On 26-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 1-25 |
| 34 | റിംഗ് കമ്പോസ്റ്റ് നിർമ്മാണം -അംഗീകാരമില്ലാത്ത ഏജൻസിക്ക് മുൻകൂർ തുക കൈമാറി<br>Written By: Jasir C M (Auditor, On 26-10-2021)<br>Last Updated By: N. Rajeevan (Senior Grade Auditor, On 02-11-2021) | 1-26 |
| 35 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമാകാത്തത് സംബന്ധിച്ച്<br>Written By: Jasir C M (Auditor, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 1-27 |
| 36 | ഗ്രാമ പഞ്ചായത്തിന് പുതിയ വാഹനം വാങ്ങിയതിലെ അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 26-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 1-28 |
| 37 | ഫയൽ ലഭ്യമാക്കിയില്ല.<br>Written By: Srijith K.V (Auditor, On 29-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 1-29 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Balakrishnan K.M (Audit Officer (HG), On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Balakrishnan K.M (Audit Officer (HG), On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Balakrishnan K.M (Audit Officer (HG), On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Balakrishnan K.M (Audit Officer (HG), On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്.<br>Written By: Jasir C M (Auditor, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jasir C M (Auditor, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| | Written By: Balakrishnan K.M (Audit Officer (HG), On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Balakrishnan K.M (Audit Officer (HG), On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Balakrishnan K.M (Audit Officer (HG), On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Balakrishnan K.M (Audit Officer (HG), On 27-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Balakrishnan K.M (Audit Officer (HG), On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 02-11-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 സാമ്പത്തിക പ്രവർത്തനങ്ങൾ ബജറ്റിന് അനുസൃതമല്ല

ബജറ്റ് രൂപീകരണത്തിലും ബജറ്റ് നിയന്ത്രണത്തിലും 2019-20 വർഷത്തിൽ സംഭവിച്ച അപാകതകൾ മിക്കതും ഓഡിറ്റ് വർഷത്തിലും ആവർത്തിച്ചിട്ടുണ്ട്. ബജറ്റ് 29.02.2020 തീയതിയിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കി അംഗീകരിക്കുകയും 24.03.20 തീയതിയിലെ തീരുമാനം 1 പ്രകാരം ഭരണസമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 16064424/-രൂപ മുൻബാക്കിയുൾപ്പടെ 234404924/-രൂപ ആകെ വരവും 232554000/-രൂപ ആകെ ചെലവും 1850924/-രൂപ നീക്കിയിരിപ്പുമാണ് ബജറ്റ് പ്രകാരം പ്രതീക്ഷിച്ചത്. ബജറ്റ് പ്രക്രിയയുമായി ബന്ധപ്പെട്ട് സംഭവിച്ച അപാകതകൾ താഴെ കൊടുക്കുന്നു.

#### 1-1-1 എല്ലാ ബജറ്റ് രേഖകളും തയ്യാറാക്കിയിട്ടില്ല

മാന്വൽ പ്രകാരം ബജറ്റിന്റെ ഭാഗമായി തയ്യാറാക്കേണ്ട ബജറ്റ് നോട്ട്, ബജറ്റ് സ്പീച്ച്, വർക്ക് ഷീറ്റുകൾ, ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ ഓഡിറ്റ് വർഷത്തിലും സ്ഥാപനം തയ്യാറാക്കിയിട്ടില്ല.

#### 1-1-2 വാർഷിക പദ്ധതിയ്ക്ക് തുക വകയിരുത്തിതിൽ വീഴ്ച വന്നു

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 175 പ്രകാരം തയ്യാറാക്കി ഡി.പി.സി അംഗീകാരം വാങ്ങുന്ന വാർഷിക പദ്ധതി നിർദ്ദേശങ്ങൾ (പ്ലാൻ പ്രൊപ്പോസൽ) കൂടി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി കരട് ബജറ്റിൽ പരിഗണിക്കണം. ബജറ്റ് തയ്യാറാക്കുന്നതിന് മുമ്പ് ഈ നടപടിക്രമം പൂർത്തിയാകാത്ത സന്ദർഭങ്ങളിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി, പ്ലാൻ വിഭവസ്രോതസ്സുകളുടെ സബ് സെക്ടർ അനുസരിച്ചുള്ള അലോക്കേഷൻ ഒരു പ്രമേയത്തിലൂടെ തീരുമാനിച്ച് അത് ബജറ്റിൽ ഉൾപ്പെടുത്തണം (മാന്വൽ, ഖണ്ഡിക 2.2) സ്ഥാപനത്തിന്റെ കാര്യത്തിൽ ഓഡിറ്റ് വർഷത്തെ വാർഷിക പദ്ധതിക്ക്, ബജറ്റ് അംഗീകരിക്കുന്നതിന് മുമ്പ് തന്നെ ഭരണസമിതി അംഗീകാരം ലഭിച്ചതിനാൽ (ഭരണസമിതി അംഗീകാരം 09.03.20ന് ലഭിച്ചിട്ടുണ്ട്. ഡി.പി.സി അംഗീകാരത്തിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല) ബജറ്റ് വാർഷിക പദ്ധതിയെ ഉൾക്കൊള്ള ണം. എന്നാൽ 132 പ്രൊജക്ടുൾ അടങ്ങുന്ന സ്ഥാപനത്തന്റെ ആദ്യ വാർഷിക പദ്ധതി അടങ്കൽ 3.15 കോടി രൂപയുടേതാണെങ്കിലും ബജറ്റിൽ 7.24 കോടി രൂപ വാർഷിക പദ്ധതിയ്ക്കായ് വകയിരുത്തിയിട്ടുണ്ട്. അംഗീകരി ച്ച വാർഷിക പദ്ധതി തുകയേക്കാൾ 4.09 കോടി രൂപ അധികം ബജറ്റിൽ വകയിരുത്തിയപ്പോൾ, മേൽ നിർദ്ദേശിച്ച പോലെ പ്ലാൻ വിഭവസ്രോതസ്സുകളുടെ സബ് സെക്ടർ അനുസരിച്ചുള്ള അലോക്കേഷൻ ഒരു പ്രമേയ ത്തിലൂടെ

തീരുമാനിക്കപ്പെട്ടിട്ടില്ല. ആസൂത്രണത്തിലേയും ബജറ്റിംഗിലേയും അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്.

1-1-3 റോഡ് മെയിന്റനൻസ് ഗ്രാന്റ്-വകയിരുത്തിയതിൽ അപാകത

ഓഡിറ്റ് വർഷം റോഡ് മെയിന്റനൻസ് ഗ്രാന്റിനത്തിൽ 9889000/-രൂപ ബജറ്റ് അലോട്ട്മെന്റ് ലഭിച്ചി രുന്നു. എന്നാൽ റോഡ് ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രൊജക്ട് ( 2551001 ) എന്ന ചെലവ് ബജറ്റ് ഹെഡ്ഡിൽ 2500000/- രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. റോഡ് അറ്റകുറ്റപ്പണി മാത്രമാണ് ഈ തുക കൊണ്ട് നിർവ്വഹിക്കാൻ പറ്റൂ എന്നിരിക്കെ ബജറ്റ് പ്രൊവിഷൻ കുറഞ്ഞതെന്തുകൊണ്ടെന്ന് വ്യക്തമല്ല. വർഷാ വസാനം ഈ ഇനത്തിൽ 8623710/- രൂപ വിനിയോഗിച്ചെങ്കിലും വർഷാവസാനം പുതുക്കിയ ബജറ്റിൽ യാതൊരു തുകയും വകയിരുത്തിയില്ല. അശ്രദ്ധമായാണ് ബജററ് തയ്യാറാക്കുന്നതെന്ന് ഇത് വ്യക്തമാക്കുന്നു.

1-1-4 ബജറ്റ് എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിയാനങ്ങൾ-ബജറ്റ് പുതുക്കുന്നില്ല

ബജറ്റിൽ ഉൾപ്പെടാത്ത ഇനത്തിനോ, വകയിരുത്തിയ തുകയിൽ കൂടുതലോ തുക ചെലവഴിക്കേണ്ടി വരുമ്പോൾ പുതുക്കിയതോ സപ്ലിമെന്ററിയോ ആയ ബജറ്റ് അംഗീകരിച്ച് മാത്രമേ തുക ചെലവഴിക്കാവൂ. കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ214(5) പ്രകാരം ബജറ്റിൽ ഉൾപ്പെടുത്താത്ത ഇനത്തിന് തുക ചെലവഴിച്ചെങ്കി ൽ, തൊട്ടടുത്ത ഭരണസമിതി യോഗത്തിൽ പുതുക്കിയ/സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച് പാസാക്കേണ്ടതാണ്. എന്നാൽ ഇത് പാലിക്കപ്പെട്ടിട്ടില്ല. ബജറ്റ് തയ്യാറാക്കിയപ്പോൾ തന്നെ വാർഷിക പദ്ധതി അടങ്കൽ ബജറ്റിൽ വകയിരുത്തിയതിനേക്കാൾ വളരെ കുറവാണെന്ന് കണ്ടതാണ്. സ്പിൽ ഓവർ പദ്ധതികൾ കൂടി ഉൾപ്പെടുത്തി വാർഷികപദ്ധതി 16.6.2020 തീയതിയിൽ ഭേദഗതി വരുത്തിയപ്പോൾ 197 പദ്ധതികൾ ഉൾക്കൊള്ളുന്ന 8.66 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിയായി ഇത് മാറി. ബജറ്റ് പ്രൊവിഷൻ 7.24 കോടി രൂപയായതിനാൽ വാർഷിക പദ്ധതി തുക ഉൾക്കൊള്ളുന്നതിന് ആവശ്യമായ ഭേദഗതി ബജറ്റിൽ വരുത്തേണ്ടതായിരുന്നു. എന്നാൽ ഇതിനനുസൃതമായ ഭേദഗതി ബജറ്റിൽ വരുത്തിയില്ല. ബജറ്റ് പുതുക്കുന്നതുവരെ, ഇപ്രകാരം കൂട്ടിച്ചേർത്ത സ്പിൽ ഓവർ പ്രൊജക്ടുകൾക്കുള്ള ചെലവ് ബജറ്റ് അനുമതിയില്ലാതെയാണ് നടത്തിയതെന്ന് കാണാം . വാർഷിക പദ്ധതിക്ക് പുറമേ മറ്റ് വരവ് ചെലവ് വകയിരുത്തലുകളുടെ കാര്യത്തിലും ബജറ്റ് വ്യതിയാനം വന്നത്, വർഷാവസാനം ബജറ്റ് പുതുക്കിയപ്പോൾ പോലും ക്രമീകരിക്കപ്പെട്ടിട്ടില്ല. ഇതിന്റെ ചില വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷികകണക്ക പ്രകാരമുള്ളത് |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 1 | 171 | 200000 | 200000 | 297914 |
| 2 | 160 (GPG) | 15757000 | 15757000 | 16173542 |
| 3 | 160 (Pension) | 73000000 | 74326400 | 74747120 |
| 4 | 180 | 3170500 | 60000 | 4747763 |
| 5 | 130 | 570000 | 30000 | 35852 |

ബജറ്റ് പ്രൊവിഷനേക്കാൾ അധികരിച്ച് ചെലവ് ചെയ്തത് പോലെ, ബജറ്റ് പ്രൊവിഷനെ അപേക്ഷിച്ച് വളരെ കുറഞ്ഞ വരവ് ചെലവുകളും വന്നിട്ടുണ്ട്. എസ്റ്റിമേറ്റിന്റെ കൃത്യതയില്ലായ്മ വെളിവാക്കുന്ന ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷികകണക്ക പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 150 | 162000 | 62000 | 19424 |
| 2 | 210 | 14835000 | 1152885 | 10910060 |
| 3 | 240 | 153000 | 53000 | 33325 |
| 4 | 252 | 6400000 | 8407380 | 1266240 |

ബജറ്റ് രൂപീകരണത്തിലേയും ബജറ്റ് നിയന്ത്രണത്തിലേയും അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നല്കേണ്ടതും അടുത്ത വർഷത്തെ ബജറ്റ് കുറ്റമറ്റ രീതിയിൽ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 29.04.2021 | - | - |

## 1-2-1 വാർഷിക കണക്കിലെ അപാകതകൾ

തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷികകണക്ക് പരിശോധിച്ചത് പ്രകാരം ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാർഷിക കണക്ക് ബി-14 ഷെഡ്യൂൾ പ്രകാരം സ്റ്റോർസ് നീക്കിയിരിപ്പ് തുക കാണിച്ചിട്ടില്ല. എന്നാൽ രജിസ്റ്റർ പരിശോധിച്ചതിൽ സ്റ്റോർസ് ഇനത്തിൽ നീക്കിയിരിപ്പുണ്ടെങ്കിലും ആയത് മൂല്യാധിഷ്ഠിതമായി അക്കൗണ്ട് ചെയ്തിട്ടില്ല.
2. സംയുക്ത പ്രോജക്ടുകൾക്കായുള്ള ബ്ലോക്ക്-ജില്ലാപഞ്ചായത്ത് വിഹിതങ്ങളിൽ ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം ചുവടെ ചേർക്കും പ്രകാരം നീക്കിയിരിപ്പുണ്ട്. ഇവ പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

| ഇനം | തുക |
|---|---|
| Contribution For Joint Venture Projects (For Revenue Expenditure)-District Panchayath | 170293 |
| Contribution For Joint Venture Projects (For Revenue Expenditure)-From Block Panchayaths | 552400 |
| ആകെ | 722693 |

3. റിവർ മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ സർക്കാറിലേയ്ക്ക് അടവാക്കേണ്ട 4046518 രൂപ തനത് ഫണ്ടിലേയ്ക്ക് വകമാറ്റിയിട്ടുണ്ട്.
4. ഇ-ടെണ്ടർ ഫീ ഇനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവ് വന്ന തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റിയില്ല.
5. ആസ്തികൾക്ക് ഡിപ്രിസിയഷൻ നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കി യിട്ടില്ല.
6. എം.ജി.എൻ.ആർ.ഇ.ജി.എസ് ഇനത്തിൽ വാർഷികകണക്ക് പ്രകാരമുള്ള തുകയും ഇ.എഫ്.എം.എസ് തുകയും തമ്മിൽ വ്യത്യാസം നിലനില്ക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഷിക കണക്ക് പ്രകാരമുള്ള തുകോ | Efms പ്രകാരം ആകെ | വ്യത്യാസം |
|---|---|---|

| (Income And Expenditure+Capital Contribution) | വരവ് | |
|---|---|---|
| 40065370 | 39598000 | 467370 |

7. മിസലേനിയസ് ഡിമാൻഡ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇത് കാരണം RP-4 ൽ പെർമിറ്റ് ഫീ, ക്രമവത്കരണ ഫീ, ലൈസൻസ് ഫീ എന്നിവ ഒഴികെയുള്ളവയുടെ വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

8. വിവിധ ക്ഷേമപെൻഷനുകൾ വിതരണം ചെയ്തതിൽ സേവന സോഫ്റ്റ് വേർ പ്രകാരമുള്ള തുകയും വാർഷിക കണക്കിലെ തുകയും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | സേവന സോഫ്റ്റ്വെയർ പ്രകാരമുള്ള തുക | വാർഷിക കണക്ക് പ്രകാരമുള്ള തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 22385100 | 15083000 |
| വാർദ്ധക്യകാല പെൻഷൻ | 46439000 | 30675000 |
| വികലാംഗ പെൻഷൻ | 12512800 | 8371200 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 771200 | 517700 |
| വിധവാ പെൻഷൻ | 28967400 | 19679500 |

9. വാർഷിക കണക്കിലെ ബി-11 ഷെഡ്യൂളിൽ ബസ്-സ്റ്റാന്റ് ബിൽഡിംഗ്സ് ഇനത്തിൽ 1077847 രൂപ ആസ്തിയിനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇത്തരത്തിൽ സ്ഥാപനത്തിൽ ആസ്തി സൃഷ്ടിക്കപ്പെട്ടിട്ടില്ല

10. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ ക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം(റെസീറ്റ്&പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,00,61,342.46 |
| വരവ് | 7,25,95,544 |
| ആകെ | 10,26,56,886.46 |
| ചെലവ് | 8,73,05,301 |
| നീക്കിയിരിപ്പ് | 1,53,51,585.46 |

## 1-4-1 ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ

2020-21 വർഷത്തിൽ ഐ. കെ. എം തയ്യാറാക്കി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

വിവിധ ഫണ്ടിനങ്ങളുടെ വ്യത്യസ്ത മേഖലയിലെ അലോക്കേഷൻ തുക സുലേഖ ചെലവു പത്രികയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മേഖല | സുലേഖയിലെ അലോക്കേഷൻ | ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ അലോക്കേഷൻ |
|---|---|---|---|
| വികസനഫണ്ട് ജനറൽ | ഉല്പാദനം | 6065955 | 10760005 |
| | സേവനം | 10463920 | 52195091 |
| വികസനഫണ്ട് എസ്.സി.പി. | സേവനം | 3083000 | 7227750 |
| സംരക്ഷണഗ്രാന്റ്-റോഡിതരം | ഉത്പാദനം | 400000 | 800000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied+Un-Tied) | സേവനം | 7072000 | 7242000 |
| | പശ്ചാത്തലം | 11438198 | 11838198 |

മേൽ അപാകതകൾ വിശദീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാ ക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 240 | 9.48 കോടി | | 5.06 കോടി | | 65 | |

എ) ഗ്രാന്റ് വിനിയോഗം കുറഞ്ഞു-1.42 കോടി രൂപ നഷ്ടപ്പെട്ടു

ഓഡിറ്റ് വർഷത്തെ പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ലെന്ന് കണക്കുകൾ സാക്ഷ്യപ്പെടുത്തുന്നു. 240 പ്രൊജക്റ്റുകൾക്കായുള്ള 9.48 കോടി രൂപയുടെ വാർഷിക അടങ്കലിൽ നിന്നും 5.06 കോടി രൂപ മാത്രമാണ് വാർഷിക പദ്ധതിക്കായി വിനിയോഗിച്ചിട്ടുള്ളത്. മുൻ വർഷത്തെപ്പോലെ പ്രധാന സർക്കാർ ഗ്രാന്റിനങ്ങളിലെ ല്ലാം ഓഡിറ്റ് വർഷവും ലഭ്യമായ അലോട്ട്മെന്റ് മുഴുവൻ വിനിയോഗിക്കാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | ബജറ്റ് അലോട്ട്മെന്റ് | ചെലവ് | നഷ്ടപ്പെട്ട തുക |
|---|---|---|---|
| പ്ലാൻ ജനറൽ | 17805000 | 15081089 | 2723911 |
| Scp | 3167000 | 2193322 | 973678 |
| Cfc | 12628000 | 10208197 | 2419803 |
| മെയിന്റനൻസ് റോഡിതരം | 5274000 | 2597976 | 2676024 |
| മെയിന്റനൻസ് റോഡ് | 9889000 | 8623710 | 1265290 |
| ആകെ | | | 10058706 |

മേൽ ഗ്രാന്റിനങ്ങളിൽ നിന്നെല്ലാമായി 1.01 കോടി രൂപ സ്ഥാപനത്തിന് നഷ്ടമായതായി മേൽ കണക്കുകൾ കാണിക്കുന്നു. എന്നാൽ യഥാർത്ഥ നഷ്ടം ഇതിൽ കൂടുതലാണ്. 2019-20 വർഷത്തിൽ ക്യൂ ബിൽ ആയ രൂപയുടെ ബാധ്യത ഓഡിറ്റ് വർഷത്തെ അലോട്ട്മെന്റിൽ നിന്നാണ് താഴെ പറയും പ്രകാരം വഹിച്ചത് .

| ഫണ്ടിനം | ക്യൂ ബിൽ തുക |
|---|---|
| പ്ലാൻ ജനറൽ | 472650 |
| Scp | 122500 |
| Cfc | 2069522 |
| മെയിന്റനൻസ് റോഡിതരം | 44962 |
| മെയിന്റനൻസ് റോഡ് | 1433242 |
| | |

| | ആകെ | 4142876 |
|---|---|---|

തൻവർഷത്തെ അലോട്ട്മെന്റ് മുഴുവൻ വിനിയോഗിച്ചിരുന്നെങ്കിൽ, ഇത്രയും തുക അധിക അലോട്ട്മെന്റായി സ്ഥാപനത്തിന് ലഭിക്കുമായിരുന്നു. അതുകൊണ്ട് തന്നെ ഇത്രയും തുക കൂടി നഷ്ടപ്പെട്ടതായി പരിഗണിക്കാം. ഇത് കൂടി പരിഗണിക്കുമ്പോൾ ഗ്രാന്റിനങ്ങളിൽ ആകെ നഷ്ടം 14201582/- രൂപയുണ്ടെന്ന് കാണാം. കേന്ദ്ര, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ മറ്റുള്ളവ എന്നീ ഹെഡ്ഡുകളിൽ വകയിരുത്തലിനെ അപേക്ഷിച്ച് ചെലവ് വളരെ കുറഞ്ഞതും മൊത്തം ചെലവ് ശതമാനം കുറയാൻ കാരണമായി ട്ടുണ്ട്.

ബി) വികസന സെമിനാറിൽ അവതരിപ്പാക്കാത്ത പദ്ധതികൾ വാർഷിക പദ്ധതിയിൽ പെടുത്തി

ആസൂത്രണ മാർഗ്ഗരേഖയിലെ നടപടിക്രമങ്ങൾ പാലിക്കാതെ പ്രൊജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾച്ചേർക്കുന്ന സ്ഥിതിവിശേഷം മുൻവർഷത്തെപ്പോലും ഓഡിറ്റ് വർഷത്തിലും നടന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ച്, അംഗീകാരം വാങ്ങിയ കരട് പദ്ധതി നിർദ്ദേശങ്ങളിൽ പെടാത്ത 15 പദ്ധതികൾ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ മാത്രം ഉൾപ്പെട്ടിട്ടുണ്ടെന്ന് അന്തിമ പദ്ധതി ചെലവ് പത്രിക പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമനം | പ്രൊജക്ട് നം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 34 | 450000 | 0 |
| 2 | 40 | 250000 | 211145 |
| 3 | 59 | 732005 | 0 |
| 4 | 80 | 300000 | 0 |
| 5 | 91 | 200000 | 0 |
| 6 | 93 | 300000 | 298689 |
| 7 | 96 | 250000 | 247221 |
| 8 | 97 | 120000 | 119461 |
| 9 | 98 | 300000 | 0 |
| 10 | 99 | 450000 | 449850 |
| 11 | 100 | 300000 | 299369 |
| 12 | 101 | 350000 | 0 |
| 13 | 105 | 300000 | 291925 |
| 14 | 108 | 2450000 | 0 |
| 15 | 263 | 225000 | 0 |

കേരള പഞ്ചായത്ത് രാജ് ആക്ടിനും ആസൂത്രണമാർഗ്ഗരേഖ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി മേൽ പ്രൊജക്ടുകൾക്ക് തുക വകയിരുത്തിയതും ചെലവഴിച്ചതും വിശദീകരിക്കപ്പെടേണ്ടതാണ്.

സി) റോഡ് മെയിന്റനൻസ് പ്ലാനില്ല-റോഡുകൾ നവീകരിക്കുന്നത് ക്രമപ്രകാരമല്ല

മെയിന്റനൻസ് പ്ലാനിന്റെ കാര്യത്തിലും മുൻവർഷത്തെ അപാകത ആവർത്തിച്ചിട്ടുണ്ട്. റോഡ് മെയിന്റനൻസ് ഫണ്ട് വകയിരുത്തി പ്രൊജക്ടുകൾ തയ്യാറാക്കിയെങ്കിലും 29.1.2018ലെ 11/2018/തസ്വഭവ നമ്പർ ആസൂത്രണമാർഗ്ഗരേഖ ഖണ്ഡിക 6.7ൽ നിഷ്കർഷിക്കുന്ന തരത്തിൽ ഒരു ആസ്തി സംരക്ഷണ പദ്ധതി സ്ഥാപന ത്തിൽ തയ്യാറാക്കിയിട്ടില്ല. എല്ലാ റോഡുകളുടേയും നിലവിലെ അവസ്ഥ വിലയിരുത്തി, അറ്റകുറ്റപ്പണി ആവശ്യമുള്ളവയുടെ മുൻഗണനാക്രമത്തിലുള്ള ഒരു പ്ലാൻ കസ്റ്റോഡിയൻ ഓഫീസറായ എഞ്ചിനീയർ തയ്യാറാക്കിയതാണ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടത്. ഇപ്രകാര മല്ലാതെ മറ്റ് മാനദണ്ഡങ്ങൾ പരിഗണിച്ചാണ് മെയിന്റനൻസിനായി റോഡുകൾ തെരെഞ്ഞെടുക്കുന്ന ത്. ഓഡിറ്റ് വർഷത്തിലും വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ യാതൊന്നും രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈ മാനദണ്ഡങ്ങൾ എന്തെന്ന് വ്യക്തമല്ല. വിട്ടുകിട്ടിയ

സ്ഥാപനങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കും ഇത്തരത്തിൽ പ്ലാൻ തയ്യാറാക്കിയിട്ടില്ല എന്നത് ആസ്തി സംരക്ഷണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കാതിരിക്കാനുള്ള സാധ്യത വെളിവാക്കുന്നു.

നിർവ്വഹണാനന്തരം വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികൾ മോണിറ്റർ ചെയ്യാത്ത അവസ്ഥ ഓഡിറ്റ് വർഷവും നിർവ്വഹണത്തിന്റെ കാര്യക്ഷമത ഉറപ്പാക്കാൻ തടസ്സമായിട്ടുണ്ട്.

ഇക്കാര്യത്തിൽ സ്ഥാപനത്തിന്റ വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വീഴ്ചകൾക്ക് വിശദീകരണം നല്കേണ്ടതാണ്. കൂടാതെ ആസൂത്രണ നിർവ്വഹണ പ്രക്രിയകളിലെ അപാകതകൾ തുടർ വർഷങ്ങളിൽ ഒഴിവാക്കേണ്ടതും, ഇതിനായി സ്വീകരിച്ച നടപടികൾ ഓഡിറ്റിന് വിശദമാക്കേണ്ടതുമാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 649357 | 685904 | 1335261 | 403940 | 931321 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | -- | 38890409 | 38890409 | 38890409 | 0 |
| ആകെ | 649357 | 39576313 | 40225670 | 39294349 | 931321 |

## 1-7 റിവർ മാനേജ്മെന്റ് ഫണ്ട് തനത് ഫണ്ടിലേയ്ക്ക് വകമാറ്റി

ഗ്രാമപഞ്ചായത്തിലെ വിവിധ കടവുകളിൽ നിന്നും മണൽവാരി വിതരണം ചെയ്ത വകയിൽ സർക്കാറിലേ യ്ക്ക് അടവാക്കേണ്ട റിവർ മാനേജ്മെന്റ് ഫണ്ട് ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിലേയ്ക്ക് വകമാറ്റിയിട്ടുണ്ട്. 2019-20 വാർഷിക ധനകാര്യ പത്രിക പ്രകാരം ബാലൻസ് ഷീറ്റിൽ Liability ഇനത്തിൽ ഉൾപ്പെടുത്തിയ 4046518/- രൂപ 31.03.2021 ന് തനത് ഫണ്ടിലേയ്ക്ക് വകമാറ്റിയിട്ടുണ്ട് (വൗച്ചർ നം-42000219 തുക-3919478, വൗച്ചർ നം-42000220 തുക-127040/-) റിവർ മാനേജ്മെന്റ് ഫണ്ടുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിലുള്ള രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം- 24/20-21 തിയ്യതി-26.10.2021). റിവർ മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ തനത് ഫണ്ടിലേക്ക് വകമാറ്റിയ തുക സർക്കാറിലേയ്ക്ക് അടവാക്കേണ്ടതാണ്.

## 1-8 വാടക വരവ്- രേഖകൾ ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ, മാനവീയം ഹാൾ എന്നിവയുമായി ബന്ധപ്പെട്ട രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഡിമാന്റ് രജിസ്റ്റർ പൂർണ്ണമല്ല. ബുക്കിംഗ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമായതിനാൽ ഈ ഇനത്തിലെ ഡിമാന്റ് കണക്കാക്കുന്നതിന് ഓഡിറ്റിന് സാധിച്ചിട്ടില്ല.

2. കമ്മ്യൂണിറ്റി ഹാൾ, മാനവീയം ഹാൾ എന്നിവ വാടകക്ക് നൽകുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഉൾപ്പെടുത്തി ബൈലോ തയ്യാറാക്കിയിട്ടില്ല. വാടക നിരക്കുകൾ നിശ്ചയിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ നിരക്കുകൾ കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ടോ എന്നത് വ്യക്തമ ല്ല. ഗ്രാമപഞ്ചായത്തിലെ വിവിധ കടവുകളിൽ നിന്നും മണൽവാരി വിതരണം ചെയ്ത വകയിൽ സർക്കാ റിലേയ്ക്ക് അടവാക്കേണ്ട റിവർ മാനേജ്മെന്റ് ഫണ്ട് ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിലേയ്ക്ക് വകമാറ്റിയിട്ടുണ്ട്. 2019-20 വാർഷിക ധനകാര്യ പത്രിക പ്രകാരം ബാലൻസ് ഷീറ്റിൽ Liability ഇനത്തിൽ ഉൾപ്പെടുത്തിയ 4046518/- രൂപ 31.03.2021 ന് തനത് ഫണ്ടിലേയ്ക്ക് വകമാറ്റിയിട്ടുണ്ട് (വൗച്ചർ നം-42000219 തുക-3919478, വൗച്ചർ നം-42000220 തുക-127040/-) റിവർ മാനേജ്മെന്റ് ഫണ്ടുമയി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിലുള്ള രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം- 24/20-21 തിയ്യതി-26.10.2021). റിവർ മാനേജ്മെന്റ്ഫണ്ട് ഇനത്തിൽ തനത് ഫണ്ടിലേക്ക് വകമാറ്റിയ തുക സർക്കാറിലേയ്ക്ക് അടവാക്കേ ണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ 19.10.2021 തിയ്യതിയിലെ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം 26.10.2021 തിയ്യതിയിൽ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ ബൈലോ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും വാടക മുൻവർഷങ്ങളിലെ നിരക്കിലാണ് ഈടാക്കുന്നതെന്നും ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. മറുപടിയിൽ നിന്നും വാടക നിരക്ക് അവസാനമായി പുതുക്കി നിശ്ചയിച്ചത് എന്നാണെന്നത് വ്യക്തമല്ല. അപാകതകൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ട താണ്.

- ഡിമാന്റ് രജിസ്റ്റർ പൂർണ്ണമാക്കി ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ബുക്കിംഗ് രജിസ്റ്ററും ഡിമാന്റ് രജിസ്റ്ററും തമ്മിലുള്ള വ്യത്യാസം പരിശോധിക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
- ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വാടക നിരക്കുകൾ പുന പരിശോധിക്കേണ്ടതാണ്.

1-9 രശീത് പിരിവിലെ അപാകതകൾ

2019-20, 2020-21 വർഷങ്ങളിലെ രശീത് ബുക്ക് മുഖേനയുള്ള പിരിവ് പരിശോധനയിൽ താഴെ പറയുന്ന അപാകതകളുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട് . അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1. ഒരേ സമയം ഒന്നിൽ കൂടുതൽ രശീത് ബുക്കുകൾ അനുവദിക്കുകയും ആയത് പിരിവിന് ഉപയോഗിക്കുകയും ചെയ്യുന്നു. ഉദാ-ശ്രീമതി.ദൃശ്യാരാജ് ഉപയോഗിച്ച 15886, 15892, 15917 നമ്പർ രശീത് പുസ്തകങ്ങൾ, ശ്രീ.ബാലകൃഷ്ണൻ എം.പി എന്നവർ നികുതി പിരിവിന് ഉപയോഗിച്ച 15880, 15881 നമ്പർ രശീതുകൾ എന്നിവ ഒരേ സമയം ഉപയോഗിച്ചതായി കാണുന്നു.

2. 05.06.2020 ലെ സ.ഉ(സാധാ) നം. 1062/2020/ത.സ്വ.ഭവ , 22.01.2021 ലെ സ.ഉ (സാധാ) നം. 183/2021/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം 30.06.2020 മുതൽ 31.03.2021 വരെയുള്ള കാലയളവിൽ വസ്തുനികുതി പിഴ കൂടാതെ അടവാക്കുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ മേൽ കാലയളവിലും നികുതിദായകരിൽ നിന്നും സ്ഥാപനം പിഴ ഈടാക്കിയതായി കാണുന്നു. ഉദാ- ശ്രീ.ബാലകൃഷ്ണൻ എം.പി എന്നവർ നികുതി പിരിവിന് ഉപയോഗിച്ച 15880, 15881 നമ്പർ രശീതുകൾ.

3. വെറ്ററിനറി സർജ്ജൻ 2020-21 കാലയളവിൽ ഉപയോഗിച്ച 63000 നമ്പർ രശീത് ബുക്കിലെ 84 മുതൽ 100 വരെയുള്ള രശീതുകൾ ഉപയോഗിക്കാതെ 44346 നമ്പർ ബുക്ക് ഉപയോഗിച്ച് പിരിവ് നടത്തിയിട്ടുണ്ട്. ഓഡിറ്റ് തിയ്യതി വരെയും 63000 നമ്പർ രശീത് ബുക്കിലെ 84 മുതൽ 100 വരെയുള്ള രശീതുകൾ റദ്ദ് ചെയ്തിട്ടില്ല.

4. വെറ്ററിനറി സർജ്ജൻ 2020-21 കാലയളവിൽ ഉപയോഗിച്ച 63000 നമ്പർ രശീത് ബുക്ക് മുഖേനയുള്ള 13.01.2020 തിയ്യതി മുതൽ 20.01.2020 വരെയുള്ള പിരിവ് തുക 20.01.2020 തിയതിയിൽ 119010105906 നമ്പർ രശീത് പ്രകാരമാണ് പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്. കാലതാമസത്തിന്റെ കാരണം വ്യക്തമാ ക്കേണ്ടതാണ്.

5. 8616 നമ്പർ രശീത് ബുക്കിൽ 48, 58 നമ്പർ ഒറിജിനൽ രശീതുകൾ ബുക്കിൽ ലഭ്യമല്ല. ആയവ പറിച്ചുമാറ്റിയ നിലയിലാണുള്ളത്. കാരണം വ്യക്തമാക്കേണ്ടതും രശീതിന്റെ ഒറിജിനൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ് .

അപാകതകൾക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. രശീത് ബുക്കുകൾ അനുവദിക്കുന്നതിലും ആയവയുടെ ഉപയോഗം മോണിറ്റർ ചെയ്യുന്നതിലും സ്ഥാപനത്തിൽ തൃപ്തികരമായ രീതിയിൽ ഒരു സംവിധാനം ഏർപ്പെടുത്തുന്നതിലുണ്ടായ വീഴ്ചയാണ് അപാകതകൾക്ക് കാരണമായിട്ടുള്ളത്. ആയത് പരിഹരിക്കുന്നതിന് കാഷ്യർ അക്കൗണ്ടന്റ് എന്നിവരുടെ ചുമതലകൾ നിർവ്വചിച്ച് വിശദമായ ഓഫീസ് ഓർഡർ പുറപ്പെടുവിക്കേണ്ടതും മേൽ ചുമതലകൾ നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് സൂപ്പർവൈസറി തലത്തിൽ ഉറപ്പ് വരുത്തേണ്ടതുമാണ്.

1-10 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയില്ല-ഡിമാന്റ് അപൂർണ്ണം

FTE&OS ലൈസൻസ് ഡിമാന്റിന്റെ പൂർണ്ണത എന്നിവ നിരീക്ഷിക്കുന്നതിന് സഹായകമാകുന്ന തരത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി പരിപാലിക്കുന്നില്ല. സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ സ്ഥാപനപരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര-വ്യവസായ സ്ഥാപനങ്ങളെ ഫീൽഡ്തല പരിശോധന നടത്തി കണ്ടെത്തി തയ്യാറാക്കുന്നതിന് സ്ഥാപനം ശ്രദ്ധ ചെലുത്തിയിട്ടില്ല. സ്ഥാപന പരിധിയിൽ പ്രവർത്തി ക്കുന്ന വ്യാപാര-വ്യവസായ സ്ഥാപനങ്ങളെ സംബന്ധിച്ച ഡാറ്റയുടെ അഭാവത്തിൽ ഈ ഇനത്തിലെ വരവി ന്റെ പൂർണ്ണത എങ്ങനെയാണ് ഉറപ്പ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തില്ല.

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ) ചട്ടങ്ങൾ , ചട്ടം 5 പ്രകാരം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപാ യി സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. ഡോക്ടേഴ്സ് ക്ലിനിക്, കൃപ നഴ്സിംഗ് ഹോം എന്നീ സ്ഥാപനങ്ങൾ 2020-21 കാലയളവിൽ സ്ഥാപന പരിധിയിൽ പ്രവർത്തിച്ചിരുന്നുവെന്ന് മേൽ വർഷത്തെ തൊഴിൽനികുതി രജിസ്റ്ററിൽ നിന്നും വ്യക്തമാണ്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾ ചട്ട പ്രകാരം രജിസ്ട്രേഷൻ പുതുക്കിയതായി കാണുന്നില്ല. ചട്ട പ്രകാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കിയിട്ടുള്ള നിയന്ത്രണ-നിരീക്ഷണ ചുമതലകൾ നിർവ്വഹിക്കുന്നതി ൽ സ്ഥാപനം വീഴ്ച വരുത്തിയിട്ട ുണ്ട്. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഉറപ്പ് വരുത്തുന്നതിലും സമാനമായ വീഴ്ച ഉണ്ടായിട്ടുണ്ട്.

സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര-വ്യവസായ സംരംഭങ്ങൾ , പാരാമെഡിക്കൽ സ്ഥാപനങ്ങ ൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവയെ സംബന്ധിച്ച ആധികാരികമായ യാതൊരു ഡാറ്റയും സ്ഥാപന ത്തിന്റെ കൈവശമില്ലെന്ന് പഞ്ചായത്തിൽ പരിപാലിക്കുന്ന രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നിന്നും ബോധ്യമായിട്ടുണ്ട്. ഇത്തരത്തിലുള്ള ഡാറ്റയുടെ അഭാവത്തിൽ പഞ്ചായത്തിൽ ലൈസൻസിനായി അപേക്ഷ സമർപ്പിക്കുന്നവരുടെ ഡാറ്റ മാത്രമെ സ്ഥാപനത്തിൽ ലഭ്യമാവുന്നുള്ളൂ. മറ്റുള്ളവരുടെ മേൽ യാതൊരു വിധ നിയന്ത്ര ണവും സ്ഥാപനത്തിനില്ല. അപാകത സ്ഥാപനത്തിന്റെ സാമ്പത്തിക താത്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിന് പുറമെ സ്ഥാപനത്തിൽ കേരള പഞ്ചായത്ത് രാജ് നിയമത്തിന് കീഴിലെ വിവിധ ചട്ടങ്ങൾ പ്രകാരം നിക്ഷിപ്തമാക്കിയിട്ടുള്ള നിയന്ത്രണ ചുമതലകൾ നിറവേറ്റുന്നതിന് തടസ്സമാകുന്നുണ്ട്.

അപാകതകൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

- ഫീൽഡ്തല ചുമതല നിർവ്വഹിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ മനുഷ്യശേഷിയുടെ പരമാവധി ഫീൽഡ് തല ചുമതലകൾക്ക് മാത്രമായി വിനിയോഗിക്കേണ്ടതും ആയത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.
- ഫീൽഡ്തല പരിശോധനയിലൂടെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും പഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങളെ കേന്ദ്രീകരിച്ചും സ്ഥലം ഉപയോഗപ്പെടുത്തിയും പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.
- 1996 ലെ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങൾ , ചട്ടം 14 A യിൽ പരാമർശിക്കുന്ന തരത്തിലുള്ള സോഫ്റ്റ്‌വെയറിന്റെ സാധ്യത പരിശോധിക്കേണ്ടതും മേൽ സോഫ്റ്റ്‌വെയർ മുഖേന പഞ്ചായത്ത് പരിധിയിലെ വ്യാപാര-വ്യവസായ-സംരംഭങ്ങൾ രജിസ്റ്റർ ചെയ്യാവുന്നതുമാണ്.

<u>1-11 കെട്ടിട നിർമ്മാണ നിയന്ത്രണം- നടപടിക്രമങ്ങളിൽ വീഴ്ച .</u>

കെട്ടിട നിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നിന്നും സെക്രട്ടറി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നീ ഘടകങ്ങൾ ചുമതലാപരമായ പങ്ക് വഹിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട് സ്ഥാപനത്തിൽ നിലനിൽക്കുന്ന പൊതു അപാകതകൾ ചുവടെ ചേർക്കുന്നു.

<u>കാലപരിധി പിന്നിട്ട പെർമിറ്റുകളെ നിരീക്ഷിക്കുന്നതിനുള്ള സംവിധാനമില്ല.</u>

മൂന്ന്/അഞ്ച് മുതൽ പത്ത് വർഷം വരെ കാലപരിധി പിന്നിട്ട പെർമിറ്റുകളെ യഥാസമയം തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുന്നതിന് സഹായകമാകുന്ന ഒരു സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലവിലില്ല. അതത് വർഷങ്ങളിലെ പെർമിറ്റ് രജിസ്റ്ററുകളിൽ നിന്നും കാലപരിധി പിന്നിട്ട പെർമിറ്റുകളെ സംബന്ധിച്ച വിവരശേഖ രണം നടത്തി ഫീൽഡ് തല പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതിൽ സ്ഥാപനം ശ്രദ്ധ ചെലുത്തിയിട്ടില്ല. കെട്ടിട നിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട സങ്കേതം സോഫ്റ്റ്‌വെയറിലും മേൽ ചുമതല നിർവ്വഹിക്കുന്നതിന് സഹായകമാകുന്ന ഒരു നിരീക്ഷണ സംവിധാനമോ ഇത് സംബന്ധിച്ച ഒരു റിപ്പോർട്ടോ ഏർപ്പെടുത്തിയിട്ടില്ല.

മേൽ അപാകത മൂലം കാലപരിധി പിന്നിട്ടതും നിർമ്മാണം പൂർത്തീകരിച്ചതും എന്നാൽ പൂർത്തീകരണ സാക്ഷ്യപത്രം സമർപ്പിക്കാത്തതുമായ കെട്ടിട ഉടമകളെ കണ്ടെത്തി യഥാസമയം നടപടി സ്വീകരിക്കുവാൻ സ്ഥാപനത്തിന് സാധിക്കുന്നില്ല.

ഉദാ- 24.04.2011 തിയ്യതിയിലെ 278/2011 നമ്പർ പെർമിറ്റ് പ്രകാരം നിർമ്മാണ അനുമതി നൽകിയ കെട്ടിടം ഓഡിറ്റ് തിയ്യതിവരെയും പൂർത്തീകരണ സാക്ഷ്യപത്രം സമർപ്പിച്ചിട്ടില്ല. പെർമിറ്റ് കാലപരിധി പിന്നിട്ട മേൽ കെട്ടിടത്തിന്മേൽ ഗ്രാമപഞ്ചായത്ത് തുടർ നടപടി സ്വീകരിച്ചിട്ടില്ല.

ഫീൽഡ്തല പരിശോധനയുടെ അഭാവം

2019-20, 2020-21 വർഷത്തിൽ കെട്ടിട നിർമ്മാണ ക്രമവത്കരണ ഫീ ഇനത്തിൽ സ്ഥാപനത്തിന് യഥാക്രമം 247460,247590 രൂപ വരവുണ്ട്. ക്രമവത്കരണത്തിന് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ അപേക്ഷകളുടെ എണ്ണം ലഭ്യമായിട്ടില്ല. 2021-22 വർഷത്തിൽ ഓഡിറ്റ് തിയ്യതിവരെയും 62 കെട്ടിടങ്ങളുടെ നിർമ്മാണം ഗ്രാമപഞ്ചായത്ത് ക്രമവത്കരിച്ച് നൽകിയിട്ടുണ്ട്. (പെർമിറ്റിൽ നിന്നും വ്യതിചലിച്ച് അധിക നിർമ്മാണം നടത്തിയവ ഉൾപ്പെടെ). മേൽ വസ്തുതകളിൽ നിന്നും പഞ്ചായത്ത് പരിധിയിൽ അനധികൃത നിർമ്മാണങ്ങളുടെ ആധിക്യമുണ്ടെന്നത് വ്യക്തമാണ്. പഞ്ചായത്തിന്റെ അനുമതിയില്ലാതെ നടത്തിയ മേൽ നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിൽ കണ്ടെത്തി നടപടിയെടുക്കുന്നതിന് സ്ഥാപനം നിരീക്ഷണ-പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. ഫീൽഡ്തല ചുമതലയുള്ള ജീവനക്കാരെ ഉപയോഗിച്ച് മേൽ നിർമ്മാണങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടെത്തുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല. വാണിജ്യാ വശ്യത്തിന് ഒക്യുപൻസി അനുവദിച്ച കെട്ടിടങ്ങളുടെ ചട്ടപ്രകാരമുള്ള പാർക്കിംഗ് ഏരിയയിൽ താത്കാലിക നിർമ്മാണങ്ങൾ നടത്തി വ്യാപാര ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്ന പ്രവണത സ്ഥാപന പരിധിയിൽ ദൃശ്യമാണ്. ഇത്തരം നിർമ്മാണങ്ങളെ ഫീൽഡ്തല പരിശോധനയിലൂടെ കണ്ടെത്തി നടപടിയെടുക്കുന്നതിലും സ്ഥാപനത്തിന് സാധിച്ചിട്ടില്ല.

അനധികൃത നിർമ്മാണങ്ങൾക്കെതിരെ തുടർനടപടിയില്ല.

സഞ്ചയ പ്രകാരം ഗ്രാമപഞ്ചായത്തിൽ കേരള പഞ്ചായത്ത് രാജ് നിയമം 235 എ.എ പ്രകാരം നമ്പർ അനുവദിച്ച കെട്ടിടങ്ങളിന്മേൽ കേരള പഞ്ചായത്ത് രാജ് നിയമം 235 ഡബ്യു പ്രകാരം തുടർ നടപടി സ്വീകരിക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയിട്ടുണ്ട്.

മേൽ അപാകതകൾ പരിഹരിച്ച് ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കിയിട്ടുള്ള കെട്ടിടനിർമ്മാണ നിയന്ത്രണ ചുമതല നിർവ്വഹിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. കാലപരിധി പിന്നിട്ടതും നാളിതുവരെ പൂർത്തീകരണ സാക്ഷ്യപത്രം സമർപ്പിക്കാത്തതുമായ പെർമിറ്റുകളെ പെർമിറ്റ് രജിസ്റ്ററിനെ അടിസ്ഥാനപ്പെടുത്തി കണ്ടെത്തി പട്ടിക തയ്യാറാക്കേണ്ടതും പ്രസ്തുത നിർമ്മാണങ്ങ ളുടെ തത്സ്ഥിതി ഫീൽഡ്തല പരിശോധനയിലൂടെ നിരീക്ഷിക്കേണ്ടതുമാണ്.

2. അനധികൃത നിർമ്മാണങ്ങൾ, പെർമിറ്റിൽ നിന്നും വ്യതിചലിച്ചുള്ള നിർമ്മാണങ്ങൾ എന്നിവ യഥാസമയം കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനും നിർമ്മാണാനന്തരമുള്ള സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിനു മായി ഫീൽഡ് തല പരിശോധനാ ചുമതലയുള്ള ജീവനക്കാരുടെ ചുമതലകൾ പുനക്രമീകരിക്കേണ്ടതാണ്.
3. കേരള പഞ്ചായത്ത് രാജ് നിയമം 235 എ.എ പ്രകാരം നമ്പർ അനുവദിച്ച കെട്ടിടങ്ങളിന്മേൽ കേരള പഞ്ചായത്ത് രാജ് നിയമം 235 ഡബ്ല്യൂ പ്രകാരം തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

<u>1-11-1 ടർഫ്- ക്രമവത്കരണ അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചില്ല.</u>

ഫയൽ നം-B1/9836/2020, തി.24.09.2020

ശ്രീ.യുസഫ്.ടി.കെ. മലർ സ്പോർട്സ് അക്കാദമി , ചാനിയം കടവ് എന്നവരുടെ കെട്ടിട നിർമ്മാണ ക്രമവത്കരണ അപേക്ഷയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഫയൽ സാങ്കേതിക വിഭാഗത്തിലേക്ക് കൈമാറിയിട്ടുണ്ട്. ഓഡിറ്റ് തിയ്യതിവരെയും അപേക്ഷയിന്മേൽ യാതൊരുവിധ നടപടി കളും സ്വീകരിച്ചിട്ടില്ല. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. മേൽ ഫയൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന മറ്റ് അപാകതകളും നിലനിൽക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് അസസ്മെന്റ് രജിസ്റ്റർ പ്രകാരം അപേക്ഷയിൽ പരാമർശിച്ച 10/78 നമ്പർ കെട്ടിടത്തിന്റെ ഉടമ പീടിക പറമ്പത്ത് സമീറാണ്. എന്നാൽ മേൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത് യൂസഫ്.ടി.കെ എന്നവരുടെ പേരിലാണ്. ഉടമസ്ഥാവകാശം മാറ്റുന്നതിന് അപേക്ഷ സമർപ്പിക്കപ്പെട്ടിട്ടില്ല.
2. ക്രമവത്കരണ അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള 10/78 നമ്പർ കെട്ടിടം സഞ്ചയ പ്രകാരം തറനില മാത്രമുള്ള കെട്ടിടമാണ്. കെട്ടിടത്തിന്റെ ഉപയോഗ ക്രമം വാണിജ്യാവശ്യമാണ്. കെട്ടിടത്തിന്റെ മേൽക്കൂര കുറഞ്ഞതരം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കെട്ടിടത്തിന്റെ തറവിസ്തീർണ്ണമായി രേഖപ്പെടുത്തിയിട്ടു ള്ളത് 14 ച.മീ ആണ്. എന്നാൽ സമർപ്പിച്ച പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ഘടനയിലും വിസ്തീർണ്ണ ത്തിലും ഉപയോഗക്രമത്തിലും വ്യത്യാസമുള്ളതായി കാണുന്നു. ഘടനാപരമായി മാറ്റം വരുത്തിയ മേൽ കെട്ടിടത്തിന്മേൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, കേരള പഞ്ചായത്ത് രാജ് (വസ്തുനികുതി യും സേവനഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ എന്നിവ പ്രകാരം തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.
3. 10/78 നമ്പർ കെട്ടിടത്തിന്റെ പ്ലോട്ടിൽ ഭൂവികസനം നടത്തി ടർഫ് നിർമ്മിച്ചിട്ടുള്ളതായി പ്ലാനിൽ നിന്നും വ്യക്തമാണ്. 2019 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 2 (N) പ്രകാരം

കെട്ടിടം എന്നാൽ മനുഷ്യവാസത്തിന് വേണ്ടിയോ, അല്ലാതെയോ, എതെങ്കിലും ഉദ്ദേശത്തിന് ഏതെങ്കിലും വസ്തുക്കൾ കൊണ്ട് നിർമ്മിച്ച ഏതൊരു പണിപ്പാടും അതിന്റെ ഓരോ ഭാഗവും എന്നർത്ഥമാകുന്നതും, ഫൗണ്ടേഷനുകൾ, അടിത്തറകൾ, ഭിത്തികൾ, നിലകൾ , മേൽക്കൂരകൾ ചിമ്മിനികൾ, പ്ലംബിംഗ് കെട്ടിട സർവ്വീസുകളും , വരാന്ത, ബാൽക്കണി , കോർണിസ് അല്ലെങ്കിൽ തള്ളിനിൽക്കുന്ന നിർമ്മാണങ്ങൾ, കെട്ടിടത്തിന്റെ ഭാഗവും , അതിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന എന്തെങ്കിലും , ഏതെങ്കിലും ഭൂമിയെയോ, അല്ലെങ്കിൽ സ്ഥലത്തെയോ മറയ്ക്കുന്നതോ മറയ്ക്കാൻ ഉദ്ദേശിക്കുന്നതോ ആയ ഏതെങ്കിലും ഭിത്തി, അടയാ ളം, അതിന്റെ പരസ്യപണിപ്പാടുകൾ എന്നിവയും ഉൾപ്പെടുന്നതായി ചട്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ആ നിലക്ക് ടർഫുകളുടെ നിർമ്മാണം, ക്രമവത്കരണം എന്നിവ പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടുന്ന താണ്. മേൽ നിർമ്മാണത്തിൽ പഞ്ചായത്തിൽ ചട്ടപ്രകാരം നിക്ഷിപ്തമാക്കിയിട്ടുള്ള നിയന്ത്രാണിധികാരം പ്രയോഗിച്ചതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടതും കെട്ടിടം ക്രമവത്ക രിക്കുകയോ പൊളിച്ച് മാറ്റുകയോ ചെയ്യും വരെ കേരള പഞ്ചായത്ത് രാജ് നിയമം 235 എ.എ പ്രകാരം നമ്പർ നൽകി തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11-2 കെട്ടിട നിർമ്മാണ നിയന്ത്രണം- പരാതികളിന്മേൽ നടപടിയില്ല

2019-20, 2020-21 , 2021-22 വർഷങ്ങളിലെ കെട്ടിട നിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട പരാതി ഫയലുകൾ പരിശോധിച്ചതിൽ നിന്നും അനധികൃത നിർമ്മാണങ്ങളിന്മേൽ നടപടി സ്വീകരിച്ച് ചുമതലാ പരമായ പങ്ക് വഹിക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫയലിന്റെ വിശദാംശം | കെട്ടിടത്തിന്റെ വിവരം | ചട്ട ലംഘനം | സ്ഥാപനം സ്വീകരിച്ച നടപടി |
|---|---|---|---|---|
| | C4-1694/2019, തി. 27.02.2019<br>പരാതിക്കാരൻ- മുഹമ്മദ് നാറാണത്ത് | യമഹ മൊബൈക്സ് എന്ന സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടം | അനധികൃത നിർമ്മാണം | പരാതിയിന്മേൽ യാതൊരു വിധ നടപടികളും സ്വീകരിച്ചില്ല. |
| | B3/4136/2019, തി. 30.04.2019<br>പരാതിക്കാരൻ- ഇസ്മയിൽ, പൊന്നാരത്തുമ്മൽ | 5/863 നമ്പർ കെട്ടിടം | അനധികൃത നിർമ്മാണം | അനധികൃത നിർമ്മാണം പൊളിച്ച് മാറ്റുന്നതിന് ഉടമയായ മഹറുന്നിസക്ക് 22.05.2019 തിയ്യതിയിൽ സി4/1137/ 2019 നമ്പറായി നോട്ടീസ് അയച്ചു.<br>തുടർ നടപടികൾ സ്വീകരിച്ചില്ല. |
| | B1/4814/2021<br>പരാതിക്കാരൻ- ഫോൺ സന്ദേശം | 3/633 മുതൽ 3/642 വരെ നമ്പർ നൽകി യിട്ടുള്ള കെട്ടിടങ്ങൾ. | അനധികൃത നിർമ്മാണം | 24.05.2021 തിയ്യതിയിൽ B1/4814/21 നമ്പർ നടപടി ക്രമപ്രകാരം കെട്ടിടം പൊളിച്ച |

| | | | |
|---|---|---|---|
| | | | മാറ്റുന്നതിന് ഉത്തരവ് നൽ കി. തുടർ നടപടിയില്ല. |

മേൽ ഫയലുകളിന്മേൽ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള കെട്ടിട നിർമ്മാണ നിയന്ത്രണ ചുമതല നിർവ്വഹിക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയതായി കാണുന്നു. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

കെട്ടിട നിർമ്മാണ നിയന്ത്രണ ചുമതലയിലൂടെ പൊതുജനത്തിന്റെ സ്വത്തിനും ജീവനും പരിസ്ഥിതിക്കും ഭീഷണിയാകുന്ന അപകടകരമായ നിർമ്മാണങ്ങളെ യഥാസമയം കണ്ടെത്തി നിയന്ത്രിക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ നിയമപരമായ ബാധ്യതയാണ്. ആയതിന് ഫീൽഡ് തല പരിശോധന നടത്തി അനധികൃത നിർമ്മാണങ്ങളെ യഥാസമയം കണ്ടെത്തി നടപടിയെടുക്കേണ്ടതുണ്ട്. ഫീൽഡ് തലത്തിൽ നടത്തേണ്ട മേൽ പ്രവർത്തനങ്ങൾ സ്ഥാപനം ഏറ്റെടുക്കുകയോ പൊതുജനങ്ങളിൽ നിന്നും ലഭ്യമാകുന്ന പരാതി, വിവരാവകാശ അപേക്ഷ എന്നിവ മുഖേന ലഭ്യമാകുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നില്ലെന്നത് ഗുരുതരമായ വീഴ്ചയാണ്.

പരാതികൾ പരിഹരിക്കുന്നതിനും നടപടി ഉറപ്പ് വരുത്തുന്നതിനുമായി ഒരു പരാതി പരിഹാര സെൽ രൂപീകരിക്കുന്നത് ഉചിതമാവും. മേൽ പരാമർശിച്ച ഉദാഹരണങ്ങളിലേത് ഉൾപ്പെടെയുള്ള അനധികൃത നിർമ്മാണങ്ങൾക്കെതിരെ കേരള പഞ്ചായത്ത് രാജ് നിയമം 235 എ.എ മുതൽ 235 ഡബ്യൂ പ്രകാരമുള്ള നടപടികൾ സ്വീകരിക്കപ്പെടുന്നുണ്ടെന്ന് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതാണ്.

## 1-11-3 ഒക്യുപൻസിക്ക് ശേഷം കെട്ടിടത്തിന്റെ ഘടനയിലും വിനിയോഗത്തിലും മാറ്റം വരുത്തി

ഫയൽ നം- ബി1/9535/20, തിയ്യതി. 15.09.2020

പ്രസിഡണ്ട്, സിറാജുൽ ഹുദാ എഡ്യുക്കേഷണൽ കോംപ്ലക്സ്, കുറ്റ്യാടി.

B1/3528/2019 പ്രകാരം ഒക്യുപൻസി അനുവദിച്ചതും കെട്ടിടത്തിന്റെ പൂർത്തീകരണ സാക്ഷ്യപത്ര പ്രകാരം വ്യവസ്ഥ ചെയ്തതുമായ, പാർക്കിംഗ്, തുറസ്സായ സ്ഥലം, ലോഡിംഗ് അൺലോഡിംഗ് സ്ഥലം, ശുചിമുറി എന്നിവയുടെ തത്സ്ഥിതി വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്മേൽ ഫീൽഡ്തല പരിശോധന നടത്തിയ ഓവർസിയർ ഒക്യുപൻസി അനുവദിച്ചതിൽ നിന്നും താഴെപറയുന്ന വ്യതിയാനങ്ങൾ കെട്ടിടത്തിലു ണ്ടായിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1. ചട്ടം 104 പ്രകാരം ഭിന്നശേഷിക്കാർക്കായി പ്രത്യേകം വ്യവസ്ഥ ചെയ്ത റാംപ്, ശുചിമുറി എന്നിവ പൂർണ്ണമായും പൊളിച്ചുമാറ്റിയിട്ടുണ്ട്.
2. ചട്ടം 2(Bn) പ്രകാരം സ്ഥാപിച്ച കൈവരികൾ പൊളിച്ചു മാറ്റി
3. ചട്ടം 104(2) പ്രകാരം മുകൾ നിലകളിലേക്ക് പ്രവേശിക്കുന്നതിന് സ്ഥാപിച്ച റാംപ് നശിച്ചുപോയിട്ടുണ്ട്.
4. ചട്ടം 56 , Table 6 പ്രകാരമുള്ള യൂറിനലുകൾ പൊളിച്ചുമാറ്റിയിട്ടുണ്ട്. ആയത് മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിച്ച് വരുന്നു.

5. താഴത്തെ നിലയിൽ പാർക്കിംഗ് ആയി കാണിച്ച മുറി പാർക്കിംഗ് പ്രായോഗികമല്ലാത്ത രീതിയിൽ പുതുക്കി പണിത് മുറിയുടെ ഭാഗമാക്കി ഉപയോഗിച്ച് വരുന്നു.

ഓവർസിയറുടെ അന്വേഷണ റിപ്പോർട്ട് പ്രകാരം കെട്ടിടം ഒക്യുപൻസി അനുവദിച്ചതിൽ നിന്നും വ്യത്യസ്തമായി മാറ്റം വരുത്തിയതായും മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തി വരുന്നതായും കാണുന്നു. ഫീൽഡ്തല പരിശോധനകൾ കാര്യക്ഷമമല്ലാത്തതിനാലാണ് ഇത്തരം അപാകതകൾ സംഭവിക്കുന്നത്. ഇത്തരത്തിൽ ഒക്യുപൻസി അനുവദിച്ചതിന് ശേഷം ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങളെ ഫീൽഡ് പരിശോധന നടത്തി കണ്ടെത്തി തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ കെട്ടിടത്തിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ അനധികൃതമായതിനാലും ചട്ടവിരുദ്ധമായതിനാലും കേരളപഞ്ചായത്ത് രാജ് നിയമം, സെക്ഷൻ 235 AA മുതൽ 235 W വരെയുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>1-12 ബസ് സ്റ്റാന്റ് നിർമ്മാണം -സാങ്കേതിക പ്രശ്നങ്ങൾ പ്രൊജക്ട് നിർവ്വഹണത്തെ ബാധിക്കുന്നു.</u>

തിരുവള്ളൂർ ടൗണിന്റെ കേന്ദ്ര ഭാഗത്ത് സ്ഥിതിചെയ്യുന്ന, സ്വകാര്യ വ്യക്തികൾ ദാനമായി നല്കിയ 40 സെന്റ് സ്ഥലത്ത് ബസ് സ്റ്റാന്റ് നിർമ്മിക്കുന്നതിനുള്ള ഗ്രാമപഞ്ചായത്തിന്റെ വർഷങ്ങളായുള്ള ശ്രമത്തിന് നാളിതുവരെ ഫലപ്രാപ്തി കൈവരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് ഇതുമായി ബന്ധപ്പെട്ട ഫയലുകളും രേഖകളും ഭരണസമിതി തീരുമാനങ്ങളും വ്യക്തമാക്കുന്നു. സ്ഥലം ദാനമായി നല്കിയ ആധാരത്തിലെ ചില വ്യവസ്ഥ കളാണ് നിലവിൽ നിർമ്മാണത്തിന് തടസ്സമായിട്ടുള്ളത്. 62/2008 നമ്പർ ആധാരപ്രകാരമുള്ള 25.99 സെന്റ് സ്ഥലം സർവ്വശ്രീ ടി ടി കെ അബ്ദു, ടി.ടി.കെ അമ്മത് ഹാജി, മുഹമ്മദ് എന്നിവരും 1612/2011 നമ്പർ ആധാര പ്രകാരമുള്ള 14.01 സെന്റ് സ്ഥലം ശ്രീ ടി.ടി.കെ അമ്മത് ഹാജി എന്നവരും യഥാക്രമം 2008, 2011 വർഷങ്ങളിൽ ബസ് സ്റ്റാന്റ് നിർമ്മിക്കുന്നതിനായി പഞ്ചായത്തിന് ദാനമായി നല്കുകയും ഇതിനെ തുടർന്ന് ബസ്സ് സ്റ്റാന്റ് നിർമ്മാണത്തിനുള്ള പ്രവർ ത്തനങ്ങൾ സ്ഥാപനം ആരംഭിച്ചതുമാകുന്നു. 2013-14 വർഷത്തിൽ കുറ്റ്യാടി നിയജകമണ്ഡലം എം.എൽ.എ യുടെ ആസ്തി വികസനഫണ്ടിൽ നിന്നും തുക വകയിരുത്തിയതും , 6.05.2016ലെ ഡി1/6062/2015/ഡിഡിഎസ് നമ്പർ ഉത്തരവ് പ്രകാരം 1612.32ചതുരശ്രമീറ്റർ വിസ്തൃതിയുള്ള വസ്തുവിൽ 824.21 ചതുരശ്രമീറ്റർ വിസ്തൃതിയുള്ള ട്രാൻസ്പോർട്ട് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കു ന്നതിന് സംസ്ഥാനത്തെ മുഖ്യ നഗരാസൂത്രകൻ ഉപാധികളോടെ അനുമതി നല്കിയതും 21.12.2016 ലെ 218/16-17നമ്പർ പ്രകാരം സെക്രട്ടറി കെട്ടിട നിർമ്മാണത്തിന് ബിൽഡിംഗ് പെർമിറ്റ് നല്കിയതും ഈ പ്രൊജക്ടിന്റെ പ്രാരംഭ പ്രവർത്തനങ്ങളിൽപെടുന്നു. മേൽ ഘട്ടങ്ങളെല്ലാം കഴിഞ്ഞ് പ്രവൃത്തിക്ക് സാങ്കേതികാ നുമതി ലഭിച്ച്,

നിർമ്മാണത്തിന് തെരെഞ്ഞെടുത്ത നിർവ്വഹണ ഏജൻസിക്ക് പ്രവൃത്തി കൈമാറുന്ന ഘട്ടത്തി ലാണ് വസ്തു കൈമാറിക്കിട്ടിയ ദാനാധാരത്തിലെ , പഞ്ചായത്തിന്റെ താല്പര്യങ്ങൾക്ക് വിരുദ്ധമായ വ്യവസ്ഥ കൾ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ ശ്രദ്ധയിൽപെടുന്നതെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. 25.01.2019ലെ 5/1നമ്പർ തീരുമാനപ്രകാരമാണ് മേൽ പ്രൊജക്ടിന്റെ ഭാഗമായ സാനിറ്ററി ബ്ലോക്കും, ബസ് ടെർമിനലും മാത്രം നിർമ്മിക്കാൻ നിർവ്വഹണ ഏജൻസിയായ Ulccsമായി കരാർ വയ്ക്കാൻ എഞ്ചിനീയറോട് ഭരണസമിതി നിർദ്ദേശിച്ചിരിക്കുന്നത് . ഇതിനെ തുടർന്ന് 14.11.2019 തീയതിയി ലാണ് ദാനാധാരത്തിലെ പ്രതികൂലമായ വ്യവസ്ഥകൾ സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ കത്ത് നല്കിയി രിക്കുന്നത്.

ബസ് സ്റ്റാന്റ് നിർമ്മിക്കുന്നതിന് ദാനം കിട്ടിയ ഭൂമിയുടെ മൂന്ന് ഭാഗങ്ങളിലും ദാനം ചെയ്ത വ്യക്തി 278/2010-11 നമ്പർ പ്രകാരം പഞ്ചായത്തിൽ നിന്നും കെട്ടിടനിർമ്മാണ പെർമിറ്റ് വാങ്ങി കെട്ടിടനിർമ്മാണം ആരംഭിച്ചിരുന്നു. 1612/2011 നമ്പർ ആധാരപ്രകാരമുള്ള 14.01 സെന്റ് സ്ഥലം 3.11.2011 നാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത് എന്നതിനാൽ ഈ സ്ഥലം ലഭ്യമാകുന്നതിനു മുമ്പ് തന്നെ മേൽകെട്ടിടനിർമ്മാണ പെർമിറ്റ് അനുവദിച്ചിരുന്നുവെന്ന് കാണാം. ഈ കെട്ടിട നിർമ്മാണത്തേയും അതുവഴിയുണ്ടാകുന്ന വ്യാപാരസാധ്യത യേയും ഒരുവിധത്തിലും ഹനിക്കാത്ത രീതിയിലാണ് ബസ് സ്റ്റാന്റ് നിർമ്മിക്കേണ്ടതെന്ന വ്യവസ്ഥയായിരുന്നു ഗ്രാമപഞ്ചായത്തിന്റെ താല്പര്യങ്ങൾക്ക് വിരുദ്ധമായി ദാനാധാരത്തിൽ ഉൾപ്പെട്ടിരുന്നത്. ഇത് താഴെ പറയും പ്രകാരമാണ്

| ആധാരം | വ്യവസ്ഥ |
|---|---|
| 62/2008 നമ്പർ ആധാരം | കൈയ്യൊഴിയുന്ന ഭൂമി കഴിച്ച് തങ്ങളിൽ അവശേഷിക്കുന്ന ഭൂമിയിൽ കൈയ്യൊഴിയുന്ന ഭൂമിയുടെ മൂന്ന് ഭാഗങ്ങളിലുമായി നിർമ്മിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സിലേക്ക് യാതൊരു വഴിയും പഞ്ചായത്ത് തടസ്സ പ്പെടുത്തുവാനോ ഷോപ്പിംഗ് കോംപ്ലക്സിന് തടസ്സം വരുന്ന വിധത്തിൽ നിർമ്മാണപ്രവർത്തനം നടത്തുന്നതിനോ പഞ്ചായത്തിന് അധികാര മില്ല |
| 1612/2011നമ്പർ ആധാരം | എന്റെ കൈവശം ബാക്കിയുള്ള വസ്തുക്കളിൽ ബസ് സ്റ്റാന്റിനോടനു ബന്ധിച്ച മൂന്ന് ഭാഗങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം നടത്താൻ വേണ്ടി എനിക്കനുവദിച്ച പെർമിറ്റ് പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിനും നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് കെട്ടിടനമ്പർ നല്കുന്നതിനും മേൽ പെർമിറ്റ് പ്രകാരം നിയമാനുസരണം കെട്ടിടം |

| | |
|---|---|
| | നിർമ്മിക്കുന്നതിനെ യാതൊരു രീതിയിലും തടസ്സപ്പെടുത്താനോ പെർമിറ്റ് റദ്ദ് ചെയ്യാനോ പഞ്ചായത്തിന് അധികാരമില്ല. മേൽ ഷോപ്പിംഗ് കോംപ്ലക്സിലേക്കുള്ള യാതൊരു വഴിയും പഞ്ചായത്ത് തടസ്സപ്പെടുത്താനോ ഷോപ്പിംഗ് കോംപ്ലക്സിന് തടസ്സം വരുന്ന രീതിയിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നതിനോ പഞ്ചായത്തിന് യാതൊരധികാരവുമില്ല |

നിർമ്മിക്കാൻ പോകുന്ന ബസ് സ്റ്റാന്റിന്റെ വ്യാപാരസാധ്യത പൂർണ്ണമായും ഉപയോഗപ്പെടുത്താൻ ഉപയുക്തമാകുന്ന വ്യവസ്ഥകളാണ് മേൽപറഞ്ഞതെന്ന് തിരിച്ചറിഞ്ഞ അസിസ്റ്റന്റ് എഞ്ചിനീയർ സർക്കാർ ഫണ്ട് വിനിയോഗിക്കുന്നതിലെ അപായസാധ്യത അറിയിച്ചതിനെ തുടർന്ന് സ്ഥാപനം സ്ഥലം ദാനമായി തന്ന ശ്രീ ടി. ടി.കെ അമ്മത് ഹാജിയെ ബന്ധപ്പെടുകയും മേൽ വ്യവസ്ഥകൾ നിരുപാധികം ഒഴിവാക്കാൻ ടിയാൾ സന്നദ്ധത അറിയിക്കുകയും ചെയ്യുന്നു. ഇക്കാര്യത്തിൽ നിയമോപദേശത്തിനായി വടകര അഡീഷണൽ ഗവ.പ്ലീഡറെ സമീപിച്ചതിൽ, ഒരു ഒഴിമുറി ആധാരം രജിസ്റ്റർ ചെയ്തുകണ്ട് മേൽ വ്യവസ്ഥകൾ മറികടക്കാമെന്ന് 7.3.2020 ലെ കത്ത് പ്രകാരം അറിയിക്കുന്നു. ഒഴിമുറി ആധാരത്തിന്റെ മുദ്ര പേപ്പർ വില കണക്കാക്കുന്നതിൽ ജില്ലാ രജിസ്ട്രാർക്ക് അയച്ചു കൊടുത്തതിൽ, അയച്ചു കൊടുത്ത കരടിൽ നിന്നും ആധാരത്തിന്റെ സ്വഭാവം തിരിച്ചറിയാൻ കഴിയാത്തതിനാൽ മുദ്രവില കണക്കാക്കൻ കഴിയില്ലെന്ന് അറിയിക്കുന്നു . ഇതിനെ തുടർന്ന് 20.08.20ന് വടകര അഡീഷണൽ ഗവ.പ്ലീഡർ നല്കിയ ഉപദേശത്തിൽ ഒരു കരാർ രജിസ്റ്റർ ചെയ്ത് വ്യവസ്ഥകൾ ഒഴിവാക്കാമെന്നു നിർദ്ദേശിച്ചതിനെ തുടർന്ന് ശ്രീ ടി.ടി.കെ അമ്മദ് ഹാജിയുമായി മേൽ വ്യവസ്ഥകൾ ഒഴിവാക്കിക്കൊണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 15.10.2020ന് ഒരു കരാർ ഒപ്പ് വച്ച് രജിസ്റ്റർ ചെയ്യുന്നു. 62/2008 നമ്പർ ആധാരപ്രകാരം സ്ഥലം ദാനമായി നല്കിയത് മൂന്ന് പേരാണെങ്കിലും കൈമാറിയ സ്ഥലത്തിന് ചുറ്റുമുള്ള സ്ഥലം പൂർണ്ണമായും മറ്റുള്ളവരിൽ നിന്നും പിന്നീട് ശ്രീ അമ്മദ് ഹാജി വാങ്ങിയതിനാൽ ടിയാളുമായി കരാർ വെച്ചാൽ മതിയെന്ന് നിയമോപദേശത്തെ തുടർന്നാണ് ഇപ്രകാരം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാകുന്നുണ്ട്. ഈ കരാർ രജിസ്റ്റർ ചെയ്തതോടെ ദാനാധാരവുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടതായി കാണാം.

എന്നാൽ 18.09.2021 തീയതിയിൽ PAN/11217/2021-D1(DP) നമ്പരായി പഞ്ചായത്ത് ഡയറക്ടർ അയച്ച കത്തിൽ മേൽ ആധാരങ്ങളിലെ വ്യവസ്ഥകൾ പഞ്ചായത്തിന്റെ താല്പര്യങ്ങൾക്ക് എതിരായതിനാൽ അവ റദ്ദ് ചെയ്യുന്നതിനും പഞ്ചായത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന തരത്തിൽ പുതിയ ആധാരങ്ങൾ തയ്യാറാക്കി രജിസ്റ്റർ ചെയ്യുന്നതിനും സർക്കാർ നിർദ്ദേശിച്ചതായും ആയത് നടപ്പിലാക്കി അറിയ്ക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ

16.6.20ലെ E14(SC9/20/KKD)3380/2020 നമ്പർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഈ നിർദ്ദേശമെന്ന് കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കരാറിലെ വ്യവസ്ഥകൾ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെട്ടതിന് തൊട്ടു പിന്നാലെ ഇക്കാര്യത്തിൽ വിജിലൻസ് അന്വേഷണം സ്ഥാപനത്തിൽ നടന്നിരുന്നു. ഇതിന്റെ ഭാഗമായുള്ള റിപ്പോർട്ട് അടിസ്ഥാനപ്പെടുത്തിയായിരുന്നു മേല്പറഞ്ഞ സർക്കാർ നിർദ്ദേശം. നിലവിൽ ഈ സർക്കാർ നിർദ്ദേശം ബസ് സ്റ്റാന്റ് നിർമമാണത്തിന് പ്രതിബന്ധം സൃഷ്ടിച്ചിരിക്കുകയാണ്.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സ്ഥലമെടുപ്പിലും തുടർ നടപടികളിലും താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

എ) 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും )ചട്ടങ്ങൾ ,ചട്ടം3(3) എ പ്രകാരം നിർദ്ദിഷ്ടവസ്തു നിർദ്ദിഷ്ട ആവശ്യത്തിന് അനുയോജ്യമാണെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുയോജ്യ താ സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കേണ്ടതാണ്.എന്നാൽ സ്ഥലം ആർജ്ജിക്കുന്നതിനുമുമ്പ് ഈ നടപടിക്രമം സ്ഥാപനം പാലിച്ചിട്ടില്ല.

ബി) മേൽ ചട്ടങ്ങളിൽ ചട്ടം5(1)ൽ പ്രതിപാദിക്കുന്ന ഉഭയസമ്മതപ്രകാരമുള്ള വസ്തു ആർജ്ജിക്കലാണ് നടത്തിയത് എന്നതിനാൽ ഉപചട്ടം 3 ൽ അനുശാസിക്കുന്ന ഫോറം 1 പ്രകാരമുള്ള മാതൃകയിലാണ് ആധാരം തയ്യാറാക്കേണ്ടത്. എന്നാൽ ഇത് പാലിക്കാതെ കൈമാറുന്നയാൾക്ക് അനുകൂലമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് ആധാരം രജിസ്റ്റർ ചെയ്തത് അനാവശ്യമായ നടപടികളിലേക്കും സങ്കീർണ്ണതകളിലേക്കും സ്ഥാപനത്തെ എത്തിക്കുകയും പൊതു സൗകര്യമായ ബസ് സ്റ്റാന്റ് യാഥാർത്ഥ്യമാകുന്നതിന് തടസ്സമാകുകയും ചെയ്തു. ഇത്തരം വ്യവസ്ഥകൾ ഉൾപ്പെടുത്തുമ്പോൾ ആവശ്യമായ നിയമോപദേശത്തിന്റെ അഭാവവുമുണ്ടായി. സ്ഥാപനത്തിന്റെ വിലപ്പെട്ട സമയവും മനുഷ്യശേഷിയും ഇതുമൂലം അനാവശ്യമായി വിനിയോഗിക്കേണ്ടി വന്നു.

സി) 2011 വർഷത്തിൽ തന്നെ എല്ലാ ഭൂമിയും വിട്ടുകിട്ടിയിട്ടും ബസ് സ്റ്റാന്റ് നിർമ്മാണത്തിന് കാര്യമായ ശ്രമം നടന്നത് 25.01.2019 ലെ ഭരണസമിതി തീരുമാനത്തിന് ശേഷമാണ്. ഇത്രയും കാലവിളംബത്തിന് കാരണം വ്യക്തമല്ല. കെട്ടിടനിർമ്മാണ പെർമിറ്റ് 21.12.2016 ൽ ലഭ്യമായെങ്കിലും തുടർനടപടികളുണ്ടായില്ല.ഈ പെർമിറ്റി ന്റെ കാലാവധി നിലവിൽ കഴിഞ്ഞിരിക്കുകയാണ്. നിർമ്മാണത്തിനായി 2013-14 വർഷത്തിൽ എം.എൽ.എ യുടെ ആസ്തി വികസനഫണ്ടിൽ നിന്നും അനുവദിച്ച തുക നഷ്ടമാകുന്നതിനും ഇത് കാരണമായി.

ഡി)2019-20 വർഷത്തിൽ മാത്രമാണ് ബസ് സ്റ്റാന്റ് നിർമമാണത്തിന് 36 ലക്ഷം രൂപയുടെ പ്രൊജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയത്. പ്രൊജക്ടിന് മേൽ വർഷം ചെലവൊന്നും വന്നില്ല. 20-21 ൽ 85

ലക്ഷം അടങ്കലുള്ള പ്രൊജക്ടും അംഗീകാരം വാങ്ങിയെങ്കിലും ചെലവില്ല.

ഇ) 824.21 ചതുരശ്രമീറ്റർ വിസ്തൃതിയുള്ള ട്രാൻസ്പോർട്ട് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെങ്കിലും സാനിറ്ററി ബ്ലോക്ക്, പോലീസ് എയ്ഡ് പോസ്റ്റ്, ബസ് സ്റ്റാൻഡ് യാർഡ് എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രൊജക്ടാണ് മേൽ വർഷങ്ങളിൽ വിഭാവനം ചെയ്തിരിക്കുന്നത്. ഇതിന്റെ എസ്റ്റിമേറ്റിന് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാങ്കേതികാനുമതി ലഭ്യമാക്കിയി ട്ടുണ്ട്. യഥാർത്ഥത്തിൽ കോടികളുടെ എസ്റ്റിമേറ്റ് വരുന്ന ഒരു ബൃഹത് പദ്ധതിയെ വിവിധ ഘടകങ്ങളാക്കി മാറ്റി എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാ നുമതി വാങ്ങി നിർവ്വഹണം നടത്തുന്നത് പ്രൊജക്ടിന്റെ വിജയകരമായ പൂർത്തീകരണത്തിന് തടസ്സമാകുന്നതും പ്രൊജക്ട് രൂപീകരണസങ്കൽപ്പങ്ങൾക്ക് വിരുദ്ധവു മാണ്. ഒരൊറ്റ പ്രൊജക്ടാക്കിമാറ്റി ഡി.പി.ആർ തയ്യാറാക്കി ക്ഷമതയുള്ള തലത്തിൽ നിന്നും സാങ്കേതികാനുമതി വാങ്ങി ബഹുവർഷ പ്രൊജക്ടായി പദ്ധതി നിർവ്വഹിക്കാത്ത ത് വിശദീകരിക്ക പ്പെടേണ്ട താണ്.

എഫ്) ബസ് സ്റ്റാന്റിന് ചുറ്റുമായി നിർമ്മിച്ച കെട്ടിടത്തിന്റെ അനുമതി 2010-11വർഷത്തിൽ നല്കിയിട്ടിട്ടുണ്ട്. ഇത് നിലവിൽ പുതുക്കിയിട്ടിണ്ടോ അതോ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കേണ്ടതാണ്.കൂടാതെ പെർമിറ്റ് പ്രകാരം ഈകെട്ടിടത്തിന്റെ ഏതെങ്കിലും ഘടകം വിട്ടുനല്കിയ ഭൂമിയിൽ വരുന്നുണ്ടോ യെന്നും വ്യക്തമാക്കേണ്ടതാണ്.

മേൽ പരാമർശിച്ച കാര്യങ്ങളിലും വസ്തുതകളിലും ഉള്ള സ്ഥാപനത്തിന്റെ അഭിപ്രായം അടിയന്തിരമായി ലഭ്യമാക്കാനാവശ്യപ്പെട്ടതിന് മറുപടിയൊന്നും നല്കിയിട്ടില്ല. ഇക്കാര്യങ്ങളിൽ വിശദീകരണം നല്കേണ്ടതാണ്. കൂടാതെ, സർക്കാരിൽ നിന്നും നിലവിൽ ലഭിച്ച നിർദ്ദേശത്തിന്, ആധാരത്തിലെ വ്യവസ്ഥകൾ ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കി റിപ്പോർട്ട് നല്കേണ്ടതും അതുവഴി ഭൂമിസംബന്ധിച്ച സങ്കീർണ്ണതകൾ ഒഴിവാക്കേണ്ടതുമാണ്. കൂടാതെ ബസ്സ്റ്റാന്റിനായി എല്ലാ ഘടകങ്ങളും ഉൾക്കൊള്ളുന്ന വിശദമായ ഡി.പി.ആർ തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങി ബസ് സ്റ്റാന്റ് നിർമ്മാണവുമായി മുന്നോട്ട് പോകാവുന്നതാണ്. ഇക്കാര്യങ്ങളിൽ സ്വീകരിക്കുന്ന നടപടികളും ഫലപ്രാപ്തിയും വിശദമാക്കി പരാമർശം ഒഴിവാക്കാവുന്നതാണ്.

## 1-13 തൊഴിൽ നികുതി- അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2019-20, 2020-21 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങളിൽ ഏർപ്പെട്ടുന്നവർ എന്നിവർ ഉൾപ്പെടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധി ക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലനത്തിലെയും

തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടിക്രമങ്ങളിലെയും വീഴ്ചകൾ ഇത് വ്യക്തമാക്കുന്നു. നികുതി പരിധിയിൽ നിന്നും ബ്വാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടിക്രമങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നല്കേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (വകുപ്പ് 205ബി,ചട്ടം13 എന്നിവ കാണുക)

2. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്

3. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 2 ൽ സൂചിപ്പിച്ച ഫോറം 2 ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ,ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

4. 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ചട്ടങ്ങൾ ) ചട്ടം 14എ പ്രകാരം സ്ഥാപനങ്ങളേയും വ്യക്തികളേയും ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണമെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒരു ഓൺലൈൻ സോഫ്റ്റ്‌വെയർ വിന്യസിക്കുന്ന പക്ഷം ഫീൽഡ് തല ജിവനക്കാരുടെ മനുഷ്യ ശേഷി ലാഭിക്കാൻ സാധിക്കും.

എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ,തൊഴിലാളികൾ, തൊഴിൽ ദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. ഇത് മൂലം ഡിമാന്റിന്റെ പൂർണ്ണത ഉറപ്പ് വരുത്തുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല.

നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണെന്ന് സൂപ്പർ വൈസറി തലത്തിൽ പരിശോധിക്കപ്പെടാത്തതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി ഡിമാന്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്താത്തതും നികുതി പിരിവിലെ മേൽ അപാകതകൾക്ക് കാരണമായി. സ്റ്റാന്റിംഗ് നികുതി വലയം വിപുലമാക്കുന്നതിന് ക്രിയാത്മകമായ നിർദ്ദേശങ്ങൾ കമ്മിറ്റി നല്കകിയിട്ടില്ലെന്ന് മിനിട്സ് വ്യക്തമാക്കുന്നുണ്ട്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല

സ്ഥാപന ഉടമകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമാക്കുന്ന റിട്ടേണുകളിലെ വസ്തുത പരിശോധനാ വിധേയമാക്കാതെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്ന സാഹചര്യവും സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ട്. ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

2019-20 കൃപ നഴ്സിംഗ് ഹോം എന്ന സ്ഥാപനത്തിലെ ലാബ് അസിസ്റ്റന്റിന്റെ ആറ് മാസത്തെ ആകെ വേതനമായി രേഖപ്പെടുത്തിയിട്ടുള്ളത് 15000 രൂപയാണ്. ആയത് 23.04.2018 ലെ സ.ഉ(പി) 33/2018/ തൊഴിൽ നമ്പർ ഉത്തരവ് പ്രകാരമുള്ള കുറഞ്ഞവേതന വ്യവസ്ഥക്ക് വിരുദ്ധമാണ്. മേൽ സാഹചര്യത്തിലും യഥാർത്ഥ വസ്തുത പരിശോധിക്കാതെ സ്ഥാപന ഉടമ ലഭ്യമാക്കിയ റിട്ടേണിന്റെ അടിസ്ഥാനത്തിൽ തൊഴിൽനികുതി ഡിമാന്റ് ചെയ്യുകയാണുണ്ടായിട്ടുള്ളത്. വസ്തുത പരിശോധിക്കാനോ, വിഷയം തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽ പെടുത്തുന്നതിനോ സെക്രട്ടറി നടപടി സ്വീകരിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നല്കേണ്ടതും, നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

1) വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച എല്ലാ കെട്ടിട ഉടമകളെയും, പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിക്കുകയും നിലവിൽ വാടകയ്ക്ക് നല്കുകയും ചെയ്യുന്ന കെട്ടിട ഉടമകളെയും നികുതി പരിധിയിൽ കൊണ്ടുവന്ന് ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും വരുമാനം സംബന്ധിച്ച് ചട്ടപ്രകാരമുള്ള ഫോറത്തിൽ റിട്ടേൺ വാങ്ങി നികുതി ഈടാക്കേണ്ടതുമാണ്. റിട്ടേൺ പ്രകാരം കാണിക്കുന്ന വരുമാനത്തിന്റെ കൃത്യത ആവശ്യമെങ്കിൽ ലൈസൻസ് അപേക്ഷയ്ക്കൊപ്പം (ലൈസൻസ് നല്കുന്ന

കെട്ടിടങ്ങളുടെ കാര്യത്തിൽ)ലഭ്യമാക്കുന്ന കരാറിലെ വാടക സംബന്ധിച്ച വിവരവുമായി ഒത്തുനോക്കി ഉറപ്പാക്കാവുന്നതാണ്.

2) എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ അർദ്ധവർഷത്തിന്റെ തുടക്കത്തിൽ നോട്ടീസ് നല്കേണ്ടതും , ഇത് ലഭിക്കുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാ ക്കേണ്ടതുമാണ്. നിലവിൽ ഉപയോഗിക്കുന്നില്ലെന്ന് അറിയിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ എല്ലാ അർദ്ധ വർഷത്തിന്റെയും തുടക്കത്തിൽ ഈ പ്രക്രിയ തുടരേണ്ടതാണ്. മേൽ നടപടിക്രമങ്ങൾക്ക് നിശ്ചിത ഫോറങ്ങൾ തൊഴിൽ നികുതി ചട്ടങ്ങളിലില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതും, അതുവരെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ഫോറം ഒന്നും,രണ്ടും ആവശ്യ മായ മാറ്റങ്ങളോടെ സ്വീകരിച്ച് ഉപയോഗപ്പെടുത്താവുന്നതുമാണ്.

3) തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറ ത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്. വിവരം ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

4) ടെയിഡേഴ്സിന്റെ കാര്യത്തിൽ സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും ,തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങി നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതാണ്.

5) മേൽ നോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥനും ,ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.
6) 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 14A യിൽ നിഷ്കർഷിക്കും പ്രകാരം സ്ഥാപനങ്ങളെയും വ്യക്തികളേയും രജിസ്റ്റർ ചെയ്യാൻ സാധിക്കുന്ന തരത്തിലുള്ള ഒരു സോഫ്റ്റ്വെയർ നാളിതു വരെയും തയ്യാറാക്കപ്പെട്ടിട്ടില്ല. ആയത് സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തി പരിഹരിക്കുന്ന പക്ഷം ഫീൽഡ് തലത്തിൽ വിനിയോഗിക്കപ്പെടേണ്ട മനുഷ്യശേഷി കുറയ്ക്കുന്നതിനും തൊഴിൽ നികുതി നടപടിക്രമങ്ങൾ ലഘൂകരി ക്കുന്നതിനും സാധിക്കുന്നതാണ്. ആയതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 തറനിർമ്മിതിയുടെ തരത്തിനനുസൃതമായി വസ്തുനികുതിയിൽ വർദ്ധനവ് ബാധകമാക്കുന്നില്ല.

2020-21 വർഷത്തെ വസ്തുനികുതി നിർണ്ണയ ഫയലുകൾ പരിശോധിച്ചതിൽ നിന്നും 250 ച.മീ അധികരി ക്കുന്ന പാർപ്പിടേതര കെട്ടിടങ്ങളുടെ തറനിർമ്മിതിയുടെ തരത്തിന് അനുസൃതമായി അടിസ്ഥാന വസ്തുനികുതി യിൽ വർദ്ധനവ് ബാധകമാക്കുന്നില്ല. ഇത് മൂലം സ്ഥാപനത്തിന് വസ്തുനികുതിയിനത്തിൽ നഷ്ടമുണ്ടാകുന്നു. ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

ഫയൽ നം- ബി1/9535/20, തിയ്യതി. 15.09.2020

പ്രസിഡണ്ട്, സിറാജുൽ ഹുദാ എഡ്യുക്കേഷണൽ കോംപ്ലക്സ്, കുറ്റ്യാടി.

മേൽ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 1159.63 ചതുരശ്ര മീറ്ററാണ് .കെട്ടിടത്തിന് 5/90 A മുതൽ 5/90 V വരെ നമ്പറുകൾ നൽകി വിഭജിച്ച് വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. സഞ്ചയയിൽ ഫോറം 6 പരിശോധിച്ചതിൽ കെട്ടിടത്തിന്റെ തറനിർമ്മിതിയുടെ തരം മേൽത്തരം എന്ന

വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ മേൽ കെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതിയിൽ 15 % വർദ്ധനവ് ബാധക മാക്കിയിട്ടില്ല. ആയതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. താഴെ പറയുന്ന നടപടികൾ സ്വീകരിച്ച് അപാകത പരിഹരിക്കേണ്ടതാണ്.

- 250 ച.മീ മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ തറനിർമ്മിതിയുടെ തരം സഞ്ചയയിൽ മേൽത്തരം എന്ന് രേഖപ്പെടുത്തുന്ന സാഹചര്യത്തിലും ആയതിന് ആനുപാതികമായി അടിസ്ഥാന വസ്തുനികുതിയിന്മേൽ വർദ്ധനവ് പ്രതിഫലിക്കുന്നില്ല. മേൽ അപാകത ഐ.കെ.എം ന്റെ ശ്രദ്ധയിൽ പെടുത്തി പരിഹരിക്കേണ്ടതും 250 ച.മീ മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ പരിശോധിച്ച് സമാനമായ അപാകതകൾ നിലനിൽക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതുമാണ്.
- മേൽ പരാമർശിച്ച കെട്ടിടം, സമാനമായ മറ്റ് കെട്ടിടങ്ങൾ എന്നിവയുടെ വസ്തുനികുതി തറനിർമ്മിതി യുടെ തരത്തിനനുസൃതമായി വർദ്ധനവ് വരുത്തി പുനർനിർണ്ണയിക്കേണ്ടതാണ്.

## 1-15 ലൈബ്രറി പ്രവർത്തനം - കാര്യക്ഷമമല്ല.

ഫയൽ നം-സി4/10550/2020, തി.06.10.2020

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഇ.എം.എസ് സാംസ്കാരിക നിലയം ലൈബ്രറിയുടെ പുസ്തക സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും സ്ഥാപനത്തിൽ 5273 പുസ്തകങ്ങൾ ഉണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്നും വളരെ ചുരുക്കം പേർ മാത്രമെ ലൈബ്രറി മുഖേനയുള്ള സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നുള്ളൂ എന്നും പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. 1993 മുതൽ പ്രവർത്തിക്കുന്ന ലൈബ്രറിക്ക് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ലഭ്യമാക്കിയിട്ടുമില്ല. ഇക്കാരണത്താൽ തന്നെ പഞ്ചായത്ത് ഫണ്ട് ഉപയോഗപ്പെടുത്തിയാണ് പുസ്തകം ഉൾപ്പെടെയുള്ള സ്ഥാപനത്തിന്റെ ചെലവുകൾ നിർവ്വഹിക്കുന്നത്. ലൈബ്രറിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ബൈലോ തയ്യാറാക്കി അധികൃതമാക്കുകയോ ലൈബ്രറി ഭരണ സമിതി രൂപീകരിക്കുകയോ ചെയ്തിട്ടില്ല. മേൽ സാഹചര്യത്തിലും വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ലൈബ്രറി പ്രവർത്തനങ്ങൾ സക്രിയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈബ്രറി പ്രവർത്തനങ്ങൾ സക്രിയമാക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പ്രാവർത്തി കമാക്കേണ്ടതാണ്.

ലൈബ്രറി പ്രവർത്തനം, സേവനം എന്നിവ വ്യവസ്ഥ ചെയ്ത് ബൈലോ തയ്യാറാക്കേണ്ടതും ആയതിന്റെ

അടിസ്ഥാനത്തിൽ നിർവ്വാഹക സമിതി രൂപീകരിച്ച് ലൈബ്രറി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുമാണ്. ലൈബ്രറിക്ക് രജിസ്ട്രേഷൻ ലഭ്യമാകുന്നതിനായി കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

1-16 സുഭിക്ഷ കേരളം- മത്സ്യോത്പാദന പദ്ധതികൾ നടപ്പാക്കിയില്ല.

കോവിഡ് കാലത്തെ സാമൂഹിക-സാമ്പത്തിക വെല്ലുവിളികളെ നേരിടുന്നതിനും ഭക്ഷ്യോത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെയും സർക്കാർ ആവിഷ്കരിച്ച സുഭിക്ഷകേരളം പദ്ധതിയുടെ നിർവ്വഹണ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. മേൽ ചുമതല നിറവേറ്റുക എന്ന ലക്ഷ്യത്തോടെ ഫിഷറീസ് സബ്ബ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ 2 പദ്ധതികൾ ആസൂത്രണം ചെയ്തിരുന്നു. എന്നാൽ പ്രസ്തുത പ്രൊജക്ടുകൾ നിർവ്വഹണം നടത്തിയിട്ടില്ല. ആസൂത്രണം ചെയ്ത പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | പ്രൊക്ടിന്റെ പേര്, നം | അടങ്കൽ | ചെലവ് |
|---|---|---|---|
| 2020-21 | 213,സുഭിക്ഷ കേരളം- പടുതാകുളം | 615000<br>(82000 സംസ്ഥാന വിഹിതം)<br>164000 തനത് ഫണ്ട്<br>369000 മറ്റുള്ളവ) | 0 |
| 2020-21 | 214,സുഭിക്ഷ കേരളം- ബയോ ഫ്ലോക്ക് മത്സയകൃഷി | 690000<br>(92000 സംസ്ഥാന വിഹിതം<br>184000 തനത് ഫണ്ട്<br>414000 മറ്റുള്ളവ ) | 0 |

1994 കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ് പ്രകാരമുള്ള 3-ാം പട്ടികയിൽ മേഖലാ അടിസ്ഥാനത്തിലുള്ള ചുമതലയിൽ കുളത്തിലെ മത്സ്യസമ്പത്തിന്റെ വികസനവും ശുദ്ധജലത്തിലെയും ക്ഷാര ജലത്തിലെയും മീൻവളർത്തലും സമുദ്രവിഭവ വികസനവും നടപ്പാക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതല യാണ്. എന്നാൽ 2020-21 വർഷത്തെ പദ്ധതികൾ ഒഴികെ മുൻകാലങ്ങളിലൊന്നും തന്നെ മേഖലയിൽ പദ്ധതി കൾ ആസൂത്രണം ചെയ്യപ്പെടുക പോലും ചെയ്തിട്ടില്ല.

മേൽ വീഴ്ചകൾ മത്സ്യബന്ധന മേഖലയുടെ വികസനത്തിന് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് മിനുട്സ്, സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ പരിശോധിച്ചതിൽ നിന്നും മേഖലയുടെ വികസന കാഴ്ചപ്പാട്, മേഖലയിലെ സ്ഥിതി വിവരം എന്നിവ രൂപീകരിച്ചിട്ടില്ലെന്നത് ബോധ്യപ്പെട്ടിട്ടുണ്ട് . 2019-20, 2020-21 വർഷങ്ങളിലെ പദ്ധതി നിർവ്വഹണ-ആസൂത്രണവുമായി ബന്ധപ്പെട്ട് നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ( കൃഷിയും അനുബന്ധരേഖകളും) ഒന്നിൽ പോലും നിർവ്വഹണ ഉദ്യോഗസ്ഥൻ പങ്കെടുത്തിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. 26.10.2021 തിയ്യതിയിൽ നടന്ന ഓഡിറ്റ് എക്സിറ്റ് മീറ്റിംഗിൽ , നിർവ്വഹണ ഉദ്യോഗസ്ഥന് ഡി.ഡി.ഒ കോഡ് ലഭ്യമാകാത്തതിനാലാണ് പദ്ധതി നടപ്പാക്കാൻ സാധിക്കാതെ പോയതെന്ന് സെക്രട്ടറി ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. ട്രഷറിയിൽ നിന്നും ഡി.ഡി.ഒ കോഡ് അനുവദിച്ച് കിട്ടുന്നതിനുള്ള നടപടികൾ ലളിതമായിരിക്കെ ഒരു സാമ്പത്തിക വർഷത്തെ സമയ പരിധിക്കകം ആയത് പൂർത്തീകരിക്കാനിയില്ല എന്ന മറുപടി തൃപ്തികരമല്ല. ഡി.ഡി.ഒ കോഡ് ലഭ്യമാകാത്തതിനാലാണ് പദ്ധതി പ്രാവർത്തികമാക്കാനാവാതെ പോയതെന്ന മറുപടി പദ്ധതി നിർവ്വഹണ- ആസൂത്രണ ഘട്ടങ്ങളിൽ വർക്കിംഗ് ഗ്രൂപ്പ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവയുടെ ഇടപെടലിന്റെ അഭാവത്തെ സാധൂകരിക്കുന്നതുമല്ല.

അപാകതകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും മറുപടി ലഭ്യമാക്കേണ്ടതും നടപ്പ് സാമ്പത്തിക വർഷത്തിൽ മേഖലയിൽ ആസൂത്രണം ചെയ്ത പദ്ധതികൾ നടപ്പാക്കപ്പെടുന്നുണ്ട് എന്ന് വർക്കിംഗ് ഗ്രൂപ്പ്, ഭരണസമിതി എന്നിവ ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-17 ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ - തുക നൽകി മാസങ്ങൾ കഴിഞ്ഞിട്ടും സാധനങ്ങൾ ലഭിച്ചില്ല.

ഗ്രാമപഞ്ചായത്ത് ഓഫീസ് ആവശ്യത്തിനായി കമ്പ്യൂട്ടർ വാങ്ങുന്നതിനായി താഴെ സൂചിപ്പിച്ച പ്രകാരം തുക നൽകിയിട്ടുണ്ട് .

| നിർവ്വഹണം | സെക്രട്ടറി |
|---|---|
| | |

| | |
|---|---|
| പ്രോജക്ട് നം. | 167/21 |
| അടങ്കൽ | 723016/- |
| ഫണ്ട് | സി.എഫ്.സി, തനത് |
| ചെലവ് | 583822/- |
| ചെക്ക് നം,തിയ്യതി. | 5627637/19.03.21 |

അഞ്ച് കമ്പ്യൂട്ടറുകളും രണ്ട് പ്രിന്ററും വാങ്ങുന്നതിനാണ് പദ്ധതി നടപ്പാക്കിയത് സി.പി.ആർ.സി.എസ് മുഖേന കെൽട്രോണിൽ നിന്ന് വാങ്ങുന്നതിനാണ് തുക നൽകിയത്. എന്നാൽ ഇതുവരെ കമ്പ്യൂട്ടറുകളും പ്രിന്ററുകളും ലഭിച്ചിട്ടില്ല. ഇവ ലഭിക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഇത്രയും കമ്പ്യൂട്ടറുകൾ ഒന്നിച്ച് വാങ്ങാനുണ്ടായ സാഹചര്യം വ്യക്തമല്ല. കമ്പ്യൂട്ടറുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധ നയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/20-21/21.10.21) മറുപടി നൽകിയിട്ടില്ല. കമ്പ്യൂട്ടറുകൾ ലഭിക്കുന്നതിലേക്ക് അടിയന്തിര നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-18 റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിലെ അപാകതകൾ

മെയിന്റനൻസ് ഫണ്ട് റോഡ് നിലവിലുള്ള റോഡുകളുടെ പുനരുദ്ധാരണ സംരക്ഷണ പ്രവൃത്തികൾ ക്കായാണ് വിനിയോഗിക്കാവുന്നത് എന്നിരിക്കെ ഓഡിറ്റ് വർഷം മെയിന്റനൻസ് ഗ്രാന്റ് റോഡ് നിരവധി പുതിയ റോഡുകളുടെ നിർമ്മാണങ്ങൾക്കായി വിനിയോഗിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|
| 36 | ഞാലിയിൽമുക്ക്- മക്കൾ മുക്ക് റോഡ് | 296987 |
| 40 | മഠത്തിൽ ബാവുപ്പാറ റോഡ് | 211145 |
| 44 | നാറാണത്ത് മുക്ക്- നീലിയാരത്ത് റോഡ് | 189296 |
| 54 | നിട്ടുമ്പ്രമണ്ണ്- ചാനിയംകടവ് റോഡ് | 297501 |
| 62 | വെള്ളൂക്കര- മഠത്തിൽകുന്ന് മുക്ക് റോഡ് | 258617 |
| 65 | നടുവിലക്കണ്ടി മുക്ക് - അയ്യാനവയൽ റോഡ് | 279685 |

സർക്കാറിന്റെ 68/22/എഫ്.എം1/2012/എൽ.എസ്.ജി.ഡി. തീയ്യതി 28.11.2012 ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് മെയിന്റനൻസ് ഗ്രാന്റ് പുതിയ റോഡുകളുടെ നിർമ്മാണത്തിനായി

വിനിയോഗിച്ചിരി ക്കുന്നത്. നിലവിൽ മെയിന്റനൻസ് ആവശ്യമുള്ള റോഡുകൾ ഗ്രാമപഞ്ചായത്തിൽ ഇല്ല എന്നുള്ള ഭരണ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മെയിന്റനൻസ് ഗ്രാന്റ് പുതിയ റോഡുകളുടെ നിർമ്മാണ ത്തിനായി ഉപയോഗിക്കാവുന്നതാണ്. ഇവിടെ ഇത്തരമൊരു തീരുമാനം ഭരണസമിതി എടുത്തിട്ടില്ല. മാത്രമല്ല ഓഡിറ്റിന് ലഭ്യമാക്കിയ പൊതുമരാമത്ത് മേഖലയെ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം അറ്റകുറ്റപണി നടത്തേണ്ടതായുള്ള 67 കി.മീറ്റർ റോഡുകൾ പഞ്ചായത്തിൽ ബാക്കിനിൽക്കുന്നുമുണ്ട്. പ്രസ്തുത റോഡുകളിലെ പ്രവൃത്തികൾ പൂർത്തീകരിക്കാതെയാണ് മെയിന്റനൻസ് ഗ്രാന്റ് റോഡ് പുതിയ റോഡുകളുടെ നിർമ്മിതി ക്കായി വകയിരുത്തിയിരിക്കുന്നത്. സർക്കാർ ഉത്തരവിനെ മറികടന്ന് മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവ ഴിക്കുന്നത് ഗൗരവമായി കാണേണ്ടതാണ്. ഈ വിഷയത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ, ഭരണസമിതിയിലോ ചർച്ച നടന്നതായി കാണുന്നില്ല. അപാകത വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 28/20-21/26.10.21) മറുപടി നൽകിയിട്ടില്ല. മെയിന്റനൻസ് ഗ്രാന്റ് റോഡ് വകമാറ്റി ചെലവഴിക്കുന്നില്ലെന്ന് ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-19 പൊതുമരാമത്ത് പദ്ധതികളുടെ ആസൂത്രണം നിർവ്വഹണം - പൊതു അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പൊതുമരാമത്ത് പദ്ധതികളുടെ രൂപീകരണ, നിർവ്വഹണ പ്രവർത്തനങ്ങളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

1) 2019 – 20 സാമ്പത്തികവർഷം ആകെ 145 പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചതിൽ 40 എണ്ണത്തിൽ തൻവർഷം തുകയൊന്നും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കിയ 84 എണ്ണത്തിൽ 47 എണ്ണം സ്പിൽ ഓവർ പ്രവൃത്തികളുമാണ്. പദ്ധതികൾക്കായി ആകെ വകയിരുത്തിയ 48396353/- രൂപയിൽ 20112417/- രൂപ മാത്രമാണ് ചെലവഴിച്ചത്. വകയിരുത്തിയതിൽ 41 ശതമാനം തുക മാത്രമാണ് ചെലവഴി

ക്കാൻ സാധിച്ചത്. 2020 – 21 ൽ ആകെ 153 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത് ഇതിൽ 107 പദ്ധതികളാണ് നിർവ്വഹണം നടത്തിയത് ഇതിൽതന്നെ 63 എണ്ണം സ്പിൽ ഓവർ പ്രവൃത്തികളാണ്. ആകെ 55709939/- രൂപ വകയിരുത്തിയതിൽ 25110189/-രൂപ മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്. ഓരോ വർഷവും അംഗീകാരം നൽകുന്ന പുതിയ പദ്ധതികൾ തൻവർഷം നടപ്പാകാതെ അടുത്ത വർഷത്തേക്ക് സ്പിൽഓവർ ആകുന്ന പ്രവണത തുടർച്ചയായി കാണുന്നു. ഇത് കാരണം ഗ്രാമപഞ്ചായത്തിന് ഗണ്യമായ തോതിൽ ഫണ്ട് നഷ്ടമുണ്ടാവുന്നു, മാത്രമല്ല പൊതുമരാമത്ത് മേഖലയിലെ വികസനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. പദ്ധതി കാലയളവിൽ ഭൂരിഭാഗം സമയവും എംപ്ലോയ് മെന്റ് മുഖേന നിയമിതരായ താൽക്കാലിക എഞ്ചിനീയർമാരാണ് പദ്ധതി

നിർവ്വഹണം നടത്തിയത്. രണ്ട് ഓവർസിയർ തസ്തികയുള്ള തിൽ ഒന്നിൽ മാത്രമാണ് സ്ഥിരം ജീവനക്കാരൻ ഉള്ളത്. ജീവനക്കാരുടെ ദൗർലഭ്യം പരിഗണിക്കാതെയാണ് പദ്ധതി ആസൂത്രണം ചെയ്യുന്നത്. പദ്ധതികളുടെ എണ്ണം കുറയ്ക്കേണ്ടതിന് പകരം കൂടിവരുന്ന പ്രവണതയാണ് കണ്ടുവരുന്നത്. ഇത് പരിഹരിക്കുന്നതിന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്ന് ക്രിയാത്മകമായ നടപടികൾ ഉണ്ടായിട്ടില്ല.

2) ഭൂരിഭാഗം റോഡ് പ്രവൃത്തികളുടെയും അടങ്കൽ 2 ലക്ഷത്തിനും 3 ലക്ഷത്തിനും ഇടയിലുള്ളതാണ്. മിക്ക പ്രവൃത്തികളും ടെണ്ടർ, റീ ടെൻഡർ നടപടി സ്വീകരിക്കുന്നുണ്ടെങ്കിലും കരാറുകാർ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാകാത്തതിനാൽ ക്വട്ടേഷനിലൂടെ നിരവധിപ്രവൃത്തികൾ ഒന്നിച്ച് ചില കരാറുകാർക്ക് ഏല്പിച്ച് കൊടു ക്കുന്ന രീതി കണ്ടുവരുന്നു. ഉദാഹരണം ഭരണ സമിതിയുടെ 17.03.2018 ലെ തീരുമാനം നമ്പർ 1/311 (9) പ്രകാരം 16 റോഡ് പ്രവൃത്തികൾ കെ. ബാബു എന്ന കരാറുകാരന് നൽകി ചെറിയ അടങ്കലിൽ അനേകം പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നത് കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ച് കൂടുതൽ കരാറുകാരെ ടെണ്ടറിൽ പങ്കെടുപ്പിച്ച് മത്സരം ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിച്ചിട്ടില്ല.

3) പൊതുമരാമത്ത് മേഖലയുമായി ബന്ധപ്പെട്ട സ്റ്റാറ്റസ് റിപ്പോർട്ട് പൂർണ്ണമല്ല. റിപ്പോർട്ടിൽ മേഖലയിലെ മുഴവൻ വിവരങ്ങളും ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് മേഖലയിലെ മുഴവൻ വിവരങ്ങളും ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കേണ്ടതും, ഇതിൽ നിർദ്ദേശിച്ചിരിക്കുന്ന പദ്ധതികൾ നിർവ്വഹണം നടത്തേണ്ടതുമാണെന്ന നിർദ്ദേശം പാലിക്കാൻ ശ്രദ്ധിച്ചിട്ടില്ല.

4) തദ്ദേശഭരണസ്ഥാപനത്തിലെ വിവിധതരം റോഡുകളുടെ സർവ്വേനടത്തി റോഡ് കണക്റ്റിവിറ്റി മാപ്പ്, റോഡ്നെറ്റ് വർക്ക് പ്ലാൻ എന്നിവ തയ്യാറാക്കണമെന്നും, ഈ റോഡ് നെറ്റ് വർക്ക് പ്ലാനിന്റെ അടിസ്ഥാന ത്തിൽ മുൻഗണന നിശ്ചയിച്ച് പുതിയ റോഡുകളുടെയും, പുനരുദ്ധരിക്കേണ്ട റോഡുകളുടെയും പ്രോജക്ടുകൾ ഏറ്റെടുത്ത് നിർവ്വഹണം നടത്തണമെന്നുള്ള നിബന്ധന പാലിച്ചതായി കാണുന്നില്ല.

5) സ.ഉ.(കൈ) നം.11/2018.തി.29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ. 6-7 ൽ മെയിന്റനൻസ് ഫണ്ടും, ലഭ്യമാക്കാൻ കഴിയുന്ന തനത്ഫണ്ടും ഉപയോഗപ്പെടുത്തി സ്ഥാപനത്തിന്റെ കീഴിലുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന നിർദ്ദേശം സ്ഥാപനം പാലിച്ചിട്ടില്ല.

6) ഓഡിറ്റ് വർഷം ഗ്രാമസഭയുടെ അംഗീകാരമില്ലാത്ത റോഡ് പ്രവൃത്തികൾ ഏറ്റെടുത്ത് നിർവ്വഹണം നടത്തുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | വാർഡ് | അടങ്കൽ |
|---|---|---|
| വടക്കയിൽമുക്ക് - മലപ്പാടിമുക്ക് റോഡ് | 2 | 200000 |
| ഞാലിയിൽമുക്ക് - മകൻ മുക്ക് റോഡ് | 2 | 300000 |
| തിരുവള്ളൂർ ടൗൺ - അങ്കണവാടി റോഡ് | 5 | 460000 |
| നാറാണത്ത് മുക്ക് - നീലിയാരത്ത് റോഡ് | 5 | 200000 |

ഗ്രാമസഭ അംഗീകരിച്ച പദ്ധതികളിൽ നിന്ന് മുൻഗണനാക്രമം നിശ്ചയിച്ചാണ് പദ്ധതികൾ നടപ്പാക്കേണ്ട തെന്നിരിക്കേ, ഗ്രാമസഭ അറിയാതെ പദ്ധതികൾ തെരഞ്ഞെടുക്കുന്ന പ്രവണത കണ്ടുവരുന്നു. (സ.ഉ.(കൈ) നം 11/2018 തസ്വഭവ.തി.29.01.2018.ഖ 3.2.1 കാണുക) ആസൂത്രണ പ്രവർത്തനങ്ങളിൽ ഗ്രാമസഭകളുടെ നിയമപര മായ അധികാരങ്ങൾ പരിഗണിക്കപ്പെടാതെ പോകുന്നത് ഗൗരവമായി കാണേണ്ടതാണ്.

7) ജി,ഒ.(പി) 524/2015/ധനം.തിയ്യതി.17.11.2015 പ്രകാരമുള്ള ഉത്തരവ് പ്രകാരം അഞ്ച് ലക്ഷത്തിൽ കൂടുതൽ അടങ്കൽ ഉള്ള എല്ലാ മരാമത്ത് പ്രവൃത്തികളും ഇ-ടെൻഡർ മുഖേനയാണ് നടപ്പിലാക്കേണ്ടതെന്ന് നിർദ്ദേശിച്ചി ട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 33 കെ.വി സബ്സ്റ്റേഷൻ റോഡ് (പ്രൊജക്ട് നം.43/17-18 അടങ്കൽ അഞ്ച് ലക്ഷം) പ്രവൃത്തി ഇ-ടെണ്ടർ ചെയ്തതായി കാണുന്നില്ല.

8) ഓഡിറ്റ് വർഷം നിരവധി പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പ്രവൃത്തി നടക്കുന്നതിനിടയിൽ റിവൈസ് ചെയ്തതായി കാണുന്നു. എന്നാൽ എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യാനുണ്ടായ കാരണം സൂചിപ്പിച്ചുകൊണ്ടുള്ള റിപ്പോർട്ട്, അതിന്റെ സാമ്പത്തിക ആഘാതം വ്യക്തമാക്കുന്ന വേരിയേഷൻ പത്രിക എന്നിവ മിക്ക ഫയലുക ളിലും കാണുന്നില്ല. പ്രവൃത്തികളുടെ ആധിക്യംമൂലം സൈറ്റ് സന്ദർശിക്കാതെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതു കൊണ്ടാണ് ഇത് സംഭവിക്കുന്നത്.

9) ഓഡിറ്റ് വർഷം നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ബിറ്റുമിൻ വാങ്ങിയതിന്റെ ബില്ലുകൾ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല.

10) പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലിൽ, ടെണ്ടർ നോട്ടീസ് കോപ്പി, സെലക്ഷൻ നോട്ടീസ് കോപ്പി, കരാറുകാർക്ക് സൈറ്റ് കൈമാറിയതിന്റെ രേഖ, പ്രവൃത്തി പൂർത്തിയാക്കി സൈറ്റ് തിരിച്ചേൽപ്പിച്ചതിന്റെ രേഖ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

11) എഗ്രിമെന്റ് രജിസ്റ്ററിൽ പി.എ.സി.തുക, സെക്യൂരിറ്റി തുക, കോൺട്രാക്ടറുടെ ഒപ്പ്, പ്രവൃത്തി പൂർത്തിയാക്കിയ തീയതി, എന്നി രേഖപ്പെടുത്തിയിട്ടില്ല.

12) ഓരോ മരാമത്ത് പ്രവൃത്തിയും പൂർത്തിയായതിന് ശേഷം ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി സൈറ്റ് സന്ദർശിച്ച് വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതിക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ തയ്യാറാക്കിയ മോണിറ്ററിംഗ് റിപ്പോർട്ടുകൾ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/20-21/ 17.9.21) മറുപടി നൽകിയിട്ടില്ല. മരാമത്ത് മേഖലയിലെ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച് 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വിശദമായി പരാമർശിച്ചിരുന്നെങ്കിലും ഇവ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് നടപടികൾ ഉണ്ടായിട്ടില്ല. ഈ വർഷങ്ങളിലെ റിപ്പോർട്ടുകൾക്കുള്ള പ്രഥമ മറുപടിയിൽ സ്ഥിരമായി ഒരു എഞ്ചിനീയറുടെ സേവനം ലഭിക്കാത്തത് കാരണമാണ് ഇത്തരം അപാകതകൾ സംഭവിച്ചതെന്ന് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം ഒരു എഞ്ചിനീയർ, ഓവർസിയർ, ക്ലർക്ക് എന്നിവരുടെ സേവനം ഈ മേഖലയിൽ ലഭ്യമായി ട്ടും മുൻ വർഷങ്ങളിലെ അപാകതകൾ ആവർത്തിക്കുന്നതായി കാണുന്നു. പശ്ചാത്തലമേഖലയിൽ വകയിരു ത്തിയ തുകയിൽ പകുതിയോളം ഇപ്പോഴും നഷ്ടപ്പെടുന്ന അവസ്ഥയാണുള്ളത്. ഇത് പരിഹരിക്കുന്നതിന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഭരണസമിതി എന്നിവയുടെ ഇടപെടൽ ഉണ്ടായിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ താഴെ സൂചിപ്പിച്ച കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1) റോഡ് പ്രവൃത്തികളിൽ കുറഞ്ഞ തുകയുള്ള അടങ്കലിൽ കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നത് ഒഴിവാക്കി പ്രധാനന റോഡുകൾ പൂർണ്ണമായും ടാർ ചെയ്യുന്നതിനുള്ള പദ്ധതികൾക്ക് മുൻഗണന നൽകുക. ഫണ്ടുകൾ വാർഡ് അടിസ്ഥാനത്തിൽ വിഭജിക്കുന്നത് ഒഴിവാക്കുക.

2) ഓരോ വർഷത്തെ പദ്ധതികൾ അതാത് വർഷം തന്നെ പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കുക. പദ്ധതി നിർവ്വഹണ കലണ്ടർ കൃത്യമായി പാലിക്കുന്നുണ്ടെന്ന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തുക

3) മേഖലയിലെ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കുക. സ്റ്റാറ്റസ് റിപ്പോർട്ടിൽ പരാമർശിച്ച പദ്ധതികൾ മുൻഗണനാ ക്രമത്തിൽ നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുക.

4) ടെണ്ടറുകളിലെ മത്സരസ്വഭാവം ഉറപ്പുവരുത്തുന്നതിനും, പ്രവൃത്തികളിലെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുമായി പരമാവധി പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന നടപ്പാക്കുക.

5) പദ്ധതി പ്രവർത്തനങ്ങളിൽ ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ഭരണസമിതി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ഓരോ വാർഡിലേയും പദ്ധതികൾ അതാത് ഗ്രാമസഭകൾ അംഗീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.

6) പൂർത്തിയാക്കുന്ന ഓരോ പദ്ധതിയും വിശദമായി മോണിറ്ററിംഗ് നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുക

## 1-20 ഇടവിളകൃഷി വികസനം (വനിത)- പദ്ധതി രൂപീകരിച്ചതിലും നിർവ്വഹണം നടത്തിയതിലും അപാകതകൾ

അടങ്കൽ - 609750

ചെലവ് - 609750(ബിൽ നം.6/20-21തീ.15.02.2021)

നിർവ്വഹണം - കൃഷി ഓഫീസർ

വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി വികസനഫണ്ടിൽ നിന്ന് 609750രൂപ ചെലവഴിച്ച് ഇടവിളകൃഷി വികസനം (വനിത) എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി വി.എഫ്.പി.സി.കെ താമരശ്ശേരി യിൽനിന്ന് ചേന, ചേമ്പ്, മഞ്ഞൾ, കാച്ചിൽ, ചെറുചേമ്പ് എന്നിവയടങ്ങുന്ന 450 രൂപയുടെ കിറ്റുകൾ 1355 കർഷകർക്ക് വിതരണം ചെയ്തതായി കാണുന്നു. പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും താഴെ പ്പറയുന്ന അപാകതകൾ കാണുന്നു.

1)സ.ഉ (കൈ)നം.11/2018/തസ്വഭവ.തീ.29.01.2018 തീ.29.01.2018 ഖണ്ഡിക 5.4.1(10)പ്രകാരം വികസന ഫണ്ടിന്റെ 10% തുക വനിതാ ഘടക പദ്ധതിക്ക് വകയിരുത്തണം. ഖണ്ഡിക 6.3 പ്രകാരം സ്ത്രീകളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങളായിരിക്കണം വനിതാഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. വനിതാ ഘടക പദ്ധതികൾ നടപ്പിലാക്കേണ്ട ചുമതല കൃഷി ഓഫീസർക്കല്ല. സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രൊജക്ടുകൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. സ്ത്രീകളുടെ ലേബർ ബാങ്ക്, വിപണന കേന്ദ്രങ്ങൾ, ലാബ് ടെക്നീഷ്യൻ കോഴ്സ് പാസ്സായിട്ടുള്ള വനിതകൾക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ലബോറട്ടറികൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം, സ്ത്രീകൾക്കും പെൺകുട്ടികൾ ക്കും എതിരെയുള്ള അതിക്രമങ്ങൾ നേരിടുന്നതിന് അനുയോജ്യമായ പ്രൊജക്ടുകൾ, സ്കൂളുകളിൽ പെൺകുട്ടിക ളുടെ സൗകര്യാർത്ഥം നാപ്കിൻ വെൻഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ, പ്രതിരോധ പരിശീലന പരിപാടികളായ തായ്ക്കോണ്ട, ജൂഡോ, കരാട്ടെ, യോഗ എന്നിവയിൽ പരിശീലനങ്ങൾ നൽകൽ തുടങ്ങിയവ യാണ് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നവ. ഇടവിളകൃഷിവികസനം വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല.

2) 1355 ഗുണഭോക്താക്കൾക്ക് ഓരോ കിറ്റ് വീതമാണ് വിതരണം ചെയ്തിരിക്കുന്നത്.സ.ഉ(കൈ)നം.22/2018/ തസ്വഭവ,തീ.14.02.2018 ഖണ്ഡിക 6.1പ്രകാരം വിളവിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് വിത്തുകളുടെ അളവും തുകയും തീരുമാനിക്കേണ്ടത്. സ്ഥലവിസ്തൃതി പരിഗണിക്കാതെ മേൽപ്പറഞ്ഞവിധം വിത്തുകൾ വിതരണം ചെയ്തത് വിളവിസ്തൃതി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഉതകുന്നതല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(11/2020-21) മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ട താണ്.

<u>1-21 നേന്ത്രവാഴകന്ന് വിതരണം - പദ്ധതി നിർവ്വഹണം നടത്തിയതിലെ അപാകതകൾ</u>

അടങ്കൽ - 250000

ചെലവ് - 250000(ബിൽ നം.5/20-21തീ.15.02.2021)

നിർവ്വഹണം - കൃഷി ഓഫീസർ

വികസനഫണ്ടിൽ നിന്ന് 250000രൂപ ചെലവഴിച്ച് നേന്ത്രവാഴകൃഷി വിതരണം എന്ന പദ്ധതി നടപ്പിലാ ക്കിയിട്ടുണ്ട്. ഇതിനായി വി.എഫ്.പി.സി.കെ താമരശ്ശേരിയിൽനിന്ന് കന്നിന് 16 രൂപ നിരക്കിൽ 15625 വാഴക്കന്നുകൾ വാങ്ങി കർഷകർക്ക് വിതരണം ചെയ്തതായി കാണുന്നു. പദ്ധതി നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

(1) മേൽ പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റ് പരിശോധിച്ചതിൽ 210 ഗുണഭോക്താക്കളാണുള്ളത്. എന്നാൽ 431 ഗുണഭോക്താക്കൾക്ക് കന്നുകൾ വിതരണം ചെയ്തതായി കാണുന്നു. ഗുണഭോക്തൃ ലിസ്റ്റിലില്ലാത്ത 221 പേർക്ക് കന്നുകൾ വിതരണം വിതരണം ചെയ്തിട്ടുണ്ട്.

(2) 411 കർഷകർക്ക് 36 കന്നുകൾ വീതവും 20 കർഷകർക്ക് 40 മുതൽ 43 വരെയും ( ആകെ 431കർഷകർക്ക് ) കന്നുകൾ വിതരണം ചെയ്തതായി കാണുന്നു. സ.ഉ(കൈ)നം.22/2018/ തസ്വഭവ,തീ.14.02.2018 ഖണ്ഡിക 6.1പ്രകാരം വിളവിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് വിത്തുകളുടെ അളവും തുകയും തീരുമാനിക്കേണ്ടത്. വിത്തുകൾ, തൈകൾ എന്നിവ സ്ഥലവിസ്തൃതി പരിഗണിക്കാതെ വിതരണം ചെയ്തത് മേൽ ലക്ഷ്യം കൈവരിക്കുന്നതിന് അപര്യാപ്തവും പദ്ധതിപണം ചെലവഴിക്കുക എന്ന ലക്ഷ്യം മാത്രം കൈവരിക്കുന്നതിന് ഉതകുന്നതുമാണ്. വിത്തുകൾ/തൈകൾ/വളം എന്നിവ നൽകുന്നത് സ്ഥലവിസ്തൃതിക്കനുസൃതമായിരിക്കേണ്ടതും കൃത്യമായ മോണിറ്ററിംഗ് നടത്തി പ്രൊജക്ട് വിഭാവനംചെയ്ത ലക്ഷ്യങ്ങൾ കൈവരിക്കുന്നു എന്ന് ഉറപ്പാക്കേ ണ്ടതുമാണ്.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

<u>1-22 ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകിയതിലെ അപാകതകൾ</u>

ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകിയതിലെ അപാകതകൾ

പ്രൊജക്ട് നം.129/2020-21

അടങ്കൽ - 240000

ചെലവ് - 166332(ബിൽ നം.6/2020-21 തീ.11.05.2020)

സ.ഉ(കൈ)നം.22/2018/തസ്വഭവ,തീ.14.02.2018 ഖണ്ഡിക 7.2.8 പ്രകാരം വിവിധ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ലാപ്ടോപ് വാങ്ങി നൽകാവുന്നതാണ്. മേൽ പ്രൊജക്ടിന്റെ ഭാഗമായി 166332 രൂപ എസ്.സി.പി ഫണ്ട് വിനിയോഗിച്ച് 6 ലാപ്ടോപ് കെൽട്രോണിൽ നിന്ന് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 2 വിദ്യാർത്ഥികൾക്ക് കോഴ്സ് കാലാവധി കഴിഞ്ഞശേഷമാണ് ലാപ്ടോപ് നൽകിയിരിക്കുന്നത്. വിശദവിവരം താഴെ കൊടുത്തിരിക്കുന്നു.

| ക്രമനം. | പേര് | പഠന വിവരം | റിമാർക്സ് |
|---|---|---|---|
| 1 | നീതു കെ.കെ | ഗവ.കോളജ് നാദാപുരം, ബിഎ – ഇക്കണോമിക്സ് | 2018-19ൽ മൂന്നാം വർഷബിരുദം. 19.02.2021ന് ലാപ്ടോപ് വിതരണം ചെയ്തു. |
| 2 | നീതു ചെക്കിക്കുനി | ഗവ.നഴ്സിംഗ് കോളജ് , കോഴിക്കോട്- എം.എസ്.സി നഴ്സിംഗ് | 2018-19 ൽ കോഴ്സ് പൂർത്തിയാക്കി.19.02.2021ന് ലാപ്ടോപ് വിതരണം ചെയ്തു. |

കോഴ്സ് കാലാവധി കഴിഞ്ഞ് ലാപ്ടോപ് വിതരണം ചെയ്തതുവഴി പദ്ധതി ലക്ഷ്യം വെച്ച നേട്ടം വിദ്യാർത്ഥിക ൾക്ക് ലഭിച്ചിട്ടില്ല. ആവശ്യമായ ഡാറ്റ ശേഖരിക്കാതെ ഗുണഭോക്തൃലിസ്റ്റ്

തയ്യാറാക്കിയതാണ് അപാകതകൾക്ക് കാരണം. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/2020-21)മറുപടി നൽകിയിട്ടില്ല. അപാകത കൾക്ക് മറുപടി നൽകേണ്ടതാണ്.

## 1-23 പദ്ധതി നടത്തിപ്പിൽ അഗതിരഹിതകേരളം പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് മുൻഗണന നൽകുന്നില്ല

ഗ്രാമപഞ്ചായത്തിലെ നിരാലംബരും നിരാശ്രയരും അടിസ്ഥാന ജീവിതോപാധികൾ നിഷേധിക്കപ്പെട്ടവ രുമായ കുടുംബങ്ങൾക്ക് ഭൂമി, വീട്, കക്കൂസ്, തൊഴിൽ, കുടിവെള്ളം, ഭക്ഷണം, ചികിത്സ, വിദ്യാഭ്യാസം എന്നിവ ലഭ്യമാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് അവരെ ഉയർത്തിക്കൊണ്ടുവരുക എന്ന ലക്ഷ്യ ത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് അഗതിരഹിതകേരളം പദ്ധതി. ദാരിദ്ര്യ നിർമ്മാർജ്ജന ഉപ പദ്ധതിയിൽ ഉൾപ്പെടുത്തി അഗതി കുടുംബങ്ങൾക്കുവേണ്ടി തയ്യാറാക്കുന്ന അഗതിരഹിതകേരളം പ്രൊജക്ട് പ്രകാരം അശരണരായ പഞ്ചായത്തിലെ മുഴവൻ കുടുംബങ്ങൾക്കും പ്രാഥമിക സൗകര്യങ്ങൾ ഉറപ്പുവരുത്തി ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തികൊണ്ടുവരേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ 27.10.2018 ൽ അംഗീകാരം ലഭിച്ച അഗതിരഹിതകേരളം പദ്ധതിയുടെ പ്രൊജക്ട് പരിശോധിച്ചതിൽ(അടങ്കൽ - 16236688) ആകെ 125 അഗതി കുടുംബങ്ങളുമുണ്ട്. 31.03.2021 വരെ ഗ്രാമപഞ്ചായത്ത് പരിധിയിൽ അഗതിരഹിതകേരളം ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ധനസഹായം നൽകിയതിന്റെ വിശദവിവരം താഴെ കൊടുത്തിരിക്കുന്നു.

| ആവശ്യം | പ്രൊജക്ട് പ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ എണ്ണം | 31.03.2021 വരെ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വീട് വെക്കാൻ സ്ഥലം | 1 | 0 |
| വീട് നിർമാണം | 20 | 4 |
| വീട് റിപ്പയർ | 20 | 2 |
| കുടിവെള്ളം | 11 | 0 |

സ.ഉ(എം.എസ്)22/2018/തസ്വഭവ തീ. 29.01.2018 ഉത്തരവ് പ്രകാരമുള്ള സബ്സിഡി ധനസഹായ മാർഗ്ഗരേഖ ഖണ്ഡിക 5.2.1(6) പ്രകാരം അഗതി രഹിത കേരളം പദ്ധതിയ്ക്ക് വികസന ഫണ്ടിൽ നിന്നും നിർബന്ധമായും തുക വകയിരുത്തേണ്ടതാണ്. 14.09.2018 ലെ സ.ഉ(എം.എസ്)/128/2018/തസ്വഭവ ഉത്തരവ് പ്രകാരം ഭവനരഹിതരായ എല്ലാ അഗതി കുടുംബങ്ങളെയും ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തണമെന്നും ലൈഫ് പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുമ്പോൾ ഈ ഗുണഭോക്താക്കൾക്ക് പ്രഥമ പരിഗണന നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി നടത്തിപ്പിൽ അഗതിരഹിതകേരളം പദ്ധതി ഗുണഭോക്താക്കൽക്ക് മുൻഗണന നൽകിയിട്ടില്ല എന്ന് കാണുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/2020-21)മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 1-24 പാലിയേറ്റീവ് കെയർ-മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായില്ല.

പ്രോജക്റ്റ് നം-18 /20-21

അടങ്കൽ -606870 (പൊതുവിഭാഗം സാധാരണവിഹിതം-606870)

ചെലവ്-407978

നിർവ്വഹണം -മെഡിക്കൽ ഓഫീസർ സി.എച്ച്.സി

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കാവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി കെ.എം.എസ്സ്.സി.എല്ലിന് തുക കൈമാറിയതിൽ ഉപകരണങ്ങൾ ഓഡിറ്റ് തിയ്യതി വരെ സ്ഥാപനത്തി ൽ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കൈമാറിയ തുക | ബിൽ നം | ഓഡിറ്റ് തിയ്യതി വരെ ലഭ്യമായ മരുന്ന്, ഉപകരണങ്ങൾ എന്നിവയുടെ മൂല്യം | ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ മൂല്യം |
|---|---|---|---|---|
| 1 | 50000 | 12/2020-21 തിയ്യതി-29.03.2021 | --- | 50000 |
| | ആകെ തുക | | | 50000 |

അപാകതയ്ക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം-20/20-21) മറുപടി ലഭ്യമാക്കിയിട്ടില്ല. മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-25 വലിയ പ്രവൃത്തികൾക്ക് നൽകുന്ന ഓവർഹെഡ് ചാർജ് ചെറിയ പ്രവൃത്തികൾക്കും നൽകുന്നു - പഞ്ചായത്തിന് നഷ്ടം

ഗ്രാമപഞ്ചായത്തിൽ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് മോർഡ് സ്പെസിഫിക്കേഷനിലാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ് വെയർ മുഖേനയാണ്. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയത് 10% ഓവർ ഹെഡ്ഡ്ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും ഉൾപ്പെടുത്തിയാണ്. മോർഡ് സ്പെസിഫിക്കേഷനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ സ്റ്റാന്റാർഡ് ഡാറ്റാ ബുക്ക് പ്രകാരമുള്ള ഡാറ്റായെ അടിസ്ഥാനപ്പെടുത്തിയാണ് PRICE ൽ മോർഡ് പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയത്. മോർഡ് പ്രകാരമുള്ള സ്റ്റാന്റർഡ് ഡാറ്റാ ബുക്കിൽ വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർഹെഡ്ഡ് ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആദ്യ ഭാഗത്ത് വിശദീകരിക്കുന്നുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20%വും ഓവർ ഹെഡ്ഡ് ചാർജ്ജ് കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചു കൊണ്ടാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവ താഴെ ചേർക്കുന്നു.

1.പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം , ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്.

2.സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്.

3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്.

4.മേൽ നോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.

5. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്.

6.വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.

7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്.

അവശേഷിക്കുന്ന ഇനങ്ങളുടെ കാര്യത്തിലും മിക്കതിലും ഭാഗിക ചെലവോ ചെലവുതന്നെ ഇല്ലാത്തതായോ കാണാം. 17-ാം ഇനമായി സൂചിപ്പിച്ച സെയിൽസ്/ടേൺ ഓവർ ടാക്സ് ഇനത്തിൽ വരുന്ന ചെലവാണ് ചെറിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ കരാറുകാരന് വരുന്ന യഥാർത്ഥ ചെലവ്. ഒരു റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന വലിയ പ്രൊജക്കുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാനുള്ള സാധ്യത.എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതാണെന്നതും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വരുന്നതെന്നതും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ല ഇത്തരം ചെലവുകൾ വരാതെയും അതുവഴി ഇതിന്റെ ഗുണഫലം സ്ഥാപനത്തിന് ലഭിക്കാതേയും ഇവയുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമാണ്. മേൽ സാഹചര്യത്തിൽ വസ്തുതകൾ പരിശോധിക്കാതെ കരാറുകാർക്ക് അധിക തുക നല്കുന്നത് പഞ്ചായത്തുഫണ്ടിന്റെ ദുർവിനിയോഗമാണ്.

അപാകതയ്ക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 21/20-21/25.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-26 റിംഗ് കമ്പോസ്റ്റ് നിർമ്മാണം -അംഗീകാരമില്ലാത്ത ഏജൻസിക്ക് മുൻകൂർ തുക കൈമാറി

പ്രോജക്ട് നം-165/2020-21

അടങ്കൽ-992500 (ധനകാര്യ കമ്മീഷൻ വിഹിതം-893250/-ഗുണഭോക്തൃവിഹിതം-99250/-)

ചെലവ്-198500 (ധനകാര്യ കമ്മീഷൻ വിഹിതം-198500/-)

പ്രോജക്ട് പ്രകാരം 397 റിംഗ് കമ്പോസ്റ്റുകൾ നിർമ്മിച്ച് നൽകുന്നതിന് സോഷ്യോ-ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനുമായി കരാറിലേർപ്പെടുകയും മുൻകൂറായി 20 % തുക 198500/- രൂപ 27.03.2021 ന് ബാങ്ക് ഓഫ് ഇൻഡ്യയുടെ മാവൂർ റോഡ് ബ്രാഞ്ചിലേയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ.ഉ(എം.എസ്) 133/2013/ ത.സ്വ.ഭ.വ തിയ്യതി-30.03.2013 നം ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം സ്ഥാപനത്തിന് ശുദ്ധജല-ശുചിത്വ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള അംഗീകാരം അവസാനിച്ചിട്ടുള്ളതാണ്. അപാതകയ്ക്ക് വിശദീകര ണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം- 23/20-21 തിയ്യതി-26.10.2021). ചെലവ് തുക 198500/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

### 1-27 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമാകാത്തത് സംബന്ധിച്ച്

പ്രോജക്ട് നം-171/20-21

അടങ്കൽ -150000(മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം)

ചെലവ്-150000/(ബിൽ നം-1/20-21 തിയതി-23.09.2020)

നിർവ്വഹണം-മെഡിക്കൽ ഓഫീസർ-ഹോമിയോ

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി 150000/-രൂപ 23.09.2020 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ആലപ്പുഴ ഹോംകോയ്ക്ക് കൈമാറി. ഓഡിറ്റ് തിയതി വരെ മരുന്നുകളൊന്നും തന്നെ സ്ഥാപനത്തിൽ ലഭ്യമായിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം-19/20-21) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-28 ഗ്രാമ പഞ്ചായത്തിന് പുതിയ വാഹനം വാങ്ങിയതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന് പുതിയ വാഹനം വാങ്ങുന്നതിന് നടപ്പാക്കിയ പദ്ധതിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം. | 272/21 |
| അടങ്കൽ | 1000000/- |
| ഫണ്ട് | തനത് |
| ചെലവ് | 931506/- |
| ചെക്ക് നം,തിയ്യതി. | 5627616/01.12.2020 |

ഗ്രാമപഞ്ചായത്തിന് പുതിയ വാഹനം വാങ്ങുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. വാങ്ങലുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിലെ വീഴ്ചകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ.(കൈ) നം.22/2018/ തസ്വഭവ.തി.14.02.2018 പ്രകാരമുള്ള മാർഗ്ഗരേഖ ഖ.8.11.ൽ നിലവിലുള്ള വാഹനം ഉപയോഗരഹിതമായാൽ കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ പാലിച്ചുകൊണ്ട് വാഹനം ലേലം ചെയ്തതിന് ശേഷം പുതിയ വാഹനം വാങ്ങുന്നതിന് സർക്കാർ അനുമതി ആവശ്യമില്ല. അല്ലാത്തപക്ഷം വാഹനം വാങ്ങുന്നതിന് സർക്കാരിൽ നിന്ന് മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. എന്നാൽ ഇവിടെ നിലവിലുള്ള വാഹനം കൈയ്യൊഴിയാതെയാണ് പുതിയത് വാങ്ങിയിരിക്കുന്നത്.ഇതിന് സർക്കാർ അനുമതി ലഭ്യമാക്കിയി ട്ടില്ല.

2. ഗ്രാമപഞ്ചായത്തിന്റെ പഴയവാഹനമായ നം.കെ.എൽ.18C ബൊലേറോ ജീപ്പിന് പി.ഡബ്ല്യൂ.ഡി മെക്കാനിക്കൽ വിഭാഗം 80000 രൂപ വാല്വേഷൻ നൽകിയിട്ടുണ്ട്. ഈ വാഹനം 11.02.2021 ന് ലേലം ചെയ്ത് കൈയ്യൊഴിയുകയുണ്ടായി. ലേലം ഉറപ്പിച്ചിരിക്കുന്നത് 70500/- രൂപയ്ക്കാണ്. വാല്വേഷൻ ലഭിച്ചതിലും കുറഞ്ഞ തുകയ്ക്ക് ലേലം ഉറപ്പിച്ചത് ശരിയായ നടപടിയല്ല.

3. പഴയവാഹനം ലേലംകൊണ്ട ശ്രീ.അജി.വി.കെ വണ്ണത്താംകണ്ടി എന്നയാളാണ് ഈ വാഹനം ഇപ്പോൾ ഉപയോഗിച്ചുവരുന്നുണ്ട് . എന്നാൽ വാഹനത്തിന്റെ ഉടമസ്ഥാവകാശം ലേലം കൊണ്ടയാളുടെ പേരിലേക്ക് മാറ്റിയിട്ടില്ല. മാത്രമല്ല ഇയാൾ വാഹനം കൈപ്പറ്റിയതിനുള്ള രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഫലത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള വാഹനം സ്വകാര്യവ്യക്തി ഉപയോഗിക്കുന്ന അവസ്ഥയാണു ള്ളത്.

അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/20-21 തി.21.10.2021 ) സ്ഥാപനം നൽകിയ മറുപടിയിൽ പുതിയ വാഹനം വങ്ങുന്നതിന് മുമ്പ് പഴയ വാഹനം ലേലം ചെയ്യാതിരുന്നത് വാഹനം കാലപ്പഴക്കം കാരണം അറ്റകുറ്റപ്പണി നടത്തുന്നത് ശ്രമകരമായതിനാലാണെന്ന് ബോധിപ്പിച്ചിട്ടുണ്ട്. ലേലം കൊണ്ട വ്യക്തിയുടെ പേരിലേക്ക് വാഹനത്തിന്റെ ഉടമസ്ഥാവകാശം മാറ്റി നൽകു ന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>1-29 ഫയൽ ലഭ്യമാക്കിയില്ല.</u>

തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ Restoration Charges For Road Cutting , 140700101 നമ്പർ ശീർഷകത്തിൽ 56119 രൂപ വരവുണ്ട്. ഇത് സംബന്ധിച്ച ഫയൽ ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ടിട്ടും ആയത് ഓഡിറ്റ് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. വീഴ്ചക്ക് മറുപടി ലഭ്യമാക്കേണ്ടതും ഫയൽ അടിയന്തിരമായി ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 11.10.2021 മുതൽ 26.11.2021 വരെ | ഈ റിപ്പോർട്ടിനൊപ്പം പുറപ്പെടുവിച്ചു. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1350000 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 1350000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1370000 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 1370000 | ൦ |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

-ഇല്ല-

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

- ഇല്ല-

## 4-5 വായ്പ/ വായ്പ തിരിച്ചടവ്.

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി വായ്പ | ജി.ഒ (എം.എസ്) 2278/2018/ തസ്വഭവ തി18.06.2018 | 5193731 | 4958437 | 234040 | | 4724397 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5073567 |
| തൻവർഷം നിക്ഷേപിച്ച തുക | 412215 |
| ആകെ | 5485782 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5485782 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.</u>

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | മന്തരത്തുർ കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്ക് ലിമിറ്റഡ്, തിരുവള്ളൂർ ബ്രാഞ്ച് | 30.03.2006 | 1 വർഷം | 1401925 | |
| 2 | മന്തരത്തുർ കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്ക് ലിമിറ്റഡ്, തിരുവള്ളൂർ ബ്രാഞ്ച് | 30.11.2007 | 1 വർഷം | 936583 | |
| 3 | മന്തരത്തുർ കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്ക് ലിമിറ്റഡ്, തിരുവള്ളൂർ ബ്രാഞ്ച് | 30.11.2010 | 1 വർഷം | 2465840 | |
| 4 | കെ.ഡി.സി ബേങ്ക്,തിരുവള്ളൂർ | 30.03.2017 | 1 വർഷം | 681434 | |
| ആകെ | | | | 5485782 | |

<u>4-7 ഓഡിറ്റ് റിക്കവറി</u>

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷി ക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1998-99, 35 | 2003-04, 11.13.1.21 108 | മൺപാത്ര നിർമ്മാണ യൂണിറ്റ് പ്രവർത്തനം ഇതുവരെ ആരംഭിച്ചില്ല | പരാമർശം തുടരുന്നു |
| 2000-01, 2001-02 | 2003-04 11.14 117 | പൊതു വിഭാഗം – പോഷകാഹാര വിതരണം-ഭക്ഷണ സാധനങ്ങൾ വാങ്ങിയതിലെ അപാകതകൾ | പരാമർശം തുടരുന്നു |
| 1998-99 | 2003-04 11.14 118 | മൺ പാത്ര നിർമ്മാണം | പരാമർശം തുടരുന്നു |
| 2002-03 2-1 | 2006-07 3.79.1.1 99 | ഗ്രാമ പഞ്ചായത്തുകൾ – കെട്ടിട നികുതി, തൊഴിൽ നികുതി, തനത് വരുമാനം യഥാസമയം പിരിച്ചെടുക്കാത്തതിനാൽ കാലഹരണപ്പെട്ടു. | പരാമർശം തുടരുന്നു |
| 2002-03, 3(4) | 2006-07, 3.79.6.11 105 | മണൽ വിൽപ്പന | തുടരുന്നു |
| 2002-03, 3-6 | 2006-07, 3.79.5.9 104 | തനത് ഫണ്ടിൽ നിന്ന് കുടിവെള്ള ജലസേജന പദ്ധതികൾക്ക് വൈദ്യുതി ചാർജ്ജ് നൽകി. | തുടരുന്നു |
| 2002-03, 3-2 | 2006-07, 3.79.10.5 108 | പൈക്കാട്ട് കുന്ന് ജലസേചന പദ്ധതി | തുടരുന്നു |
| 2002-03, 3-14 | 2006-07, 3-79.16.9 | സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല | തുടരുന്നു |
| 2014-15, 2-4 | 2016-17, അനുബന്ധം-4.188 | തൊഴിൽ നികുതി അപാകതകൾ | തുടരുന്നു |
| 2015-16, 2-2 | 2016-17 അനുബന്ധം -5.212 | തൊഴിൽ നികുതി അപാകതകൾ | തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 72595544 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 87305301 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 982322 |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 583822 | സിന്ധു പി.ജി, സെക്രട്ടറി |
| 1-24 | 50000 | ഡോ.ഉഷ,മെഡിക്കൽ ഓഫീസർ.സി.എച്ച്.സി |
| 1-26 | 198500 | ശ്രീ.ബിജിത്കുമാർ, വി.ഇ.ഒ |
| 1-27 | 150000 | ശ്രീ ആനന്ദ് പി.ആർ,മെഡിക്കൽ ഓഫീസർ, ഹോമിയോ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും | ഇനം |
|---|---|---|---|
| 1-7 | 4046518 | ശ്രീമതി സിന്ധു പിജി, സെക്രട്ടറി | R.M.F |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലം |
|---|---|---|
| ഡോ.ഉഷ,മെഡിക്കൽ ഓഫീസർസി.എച്ച്.സി | അസിസ്റ്റന്റ് സർജൻ, സി.എച്ച്.സി, തിരുവള്ളൂർ | ശിവശ്രീ, നടുവിലക്കണ്ടിയിൽ, ചോമ്പാല |
| ശ്രീ.ബിജിത്കുമാർ | വിഇഒ, | മീത്തലെ പീടികയിൽ, |

| | | |
|---|---|---|
| വിഇഒ | തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് | വടകര 1 |
| ശ്രീ ആനന്ദ് പി.ആർ മെഡിക്കൽ ഓഫീസർ ഹോമിയോ | മെഡിക്കൽ ഓഫീസർ,ഹോമിയോ, തിരുവള്ളൂർ | ഹൈലൈറ്റ് മെട്രോമാക്സ്, ദയാദ് ബൈപാസ്, നെല്ലിക്കോട് പിഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിട പാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | കെ.എസ്എ/കെകെഡി/പി15/ 843/2018 തീയതി.20/04/2018 | 3 | 35,38,39 |
| 1999-00 | കെ.എസ്എ/കെകെഡി/പി15/ 843/2018(1) തീയതി.20/04/2018 | 3 | 35,36,37 |
| 2000-01 (പദ്ധതി) | കെ.എസ്എ/കെകെഡി/പി15/ 843/2018(2) തീയതി.20/04/2018 | 1 | 7 |
| 2001-02 (പദ്ധതി) | കെ.എസ്എ/കെകെഡി/പി15/ 843/2018(5) തീയതി.20/04/2018 | 9 | 6 മുതൽ 14 വരെ |
| 2002-03 | കെ.എസ്എ/കെകെഡി/പി15/ 843/2018(6) തീയതി.20/04/2018 | 6 | 2-1,3-2,3-4, 3-6,3-9,3-14 |
| 2006-07 | കെ.എസ്എ/കെകെഡി/പി15/ 843/2018(10) തീയതി.20/04/2018 | 14 | 3-2,3-3,3-8,3-11,3-13, 3-14, 3-15,3-16, 3-17,3-19,3-20, 4-3 |
| 2007-08 | എൽ.എഫ്/കെകെഡി/എസ്1/ 1069/2010 തീയതി.14/07/2011 | 31 | 1-2,2-1 മുതൽ 2-7 വരെ, 2-9,2-10, 3-1 മുതൽ 3-21 വരെ |
| 2008-09 | കെ.എസ്എ/കെകെഡി/പി15/ 843/2018(11) തീയതി.20/04/2018 | 18 | 2-3,2-4, 2-8,2-9, 3-3 മുതൽ 3-11 വരെ, 3-14(4) മുതൽ 3-17 വരെ, 3-19 |
| 2009-10& 2010-11 | എൽ.എഫ്/കെകെഡി/പി5/ 1296/2013 തീയതി.11/11/2013 | 16 | 3-2 മുതൽ 3-5 വരെ, 3-7മുതൽ 3-9 വരെ, |

| | | | |
|---|---|---|---|
| | | | 3-12,3-13, 3-14, 3-15, 3-18,3-19, 3-22,3-24, 3-25, |
| 2011-12& 2012-13 | എൽ.എഫ്/കെകെഡി/പി5/ 682/2014 തീയതി.31/03/2015 | 19 | 1-2,1-3,2-1, 3-1 മുതൽ 3-14വരെ, 4-5,4-6 |
| 2013-14 & 2014-15 | എൽ.എഫ്/കെകെഡി/പി5/ 1388/2014 തീയതി.30/07/2016 | 21 | 2-1 മുതൽ 2-6 വരെ, 3-1 മുതൽ 3-15 വരെ |
| 2015-16 | കെ.എസ്.എ/കെ.കെ.ഡി/പി5/ 1952/2016/തി.06/06/2017 | 12 | 2-1 മുതൽ 2-5 വരെ, 3-1 മുതൽ 3-7 വരെ |
| 2016-17 | കെ.എസ്.എ/കെ.കെ.ഡി/ പി5/ 1797/2017/തി.28/02/2018 | 19 | 2-1,2-2 (1,2, 3), 2-3 മുതൽ 2-7വരെ, 3-1 മുതൽ 3-10 വരെ |
| 2017-18 | കെ.എസ്.എ/കെ.കെ.ഡി/ പി5/1453/ 2019/ L തീയതി 12/12/2019 | 21 | 1-12,2-1,2-3, 2-4,2-5,3-1, 3-2,3-3,3-4, 3-5,3-6(1-3), 3-7(1),3-8, 3-9,3-10,3-11, 3-12,3-13,3-14 |
| 2018-19 | കെ.എസ്.എ/കെ.കെ.ഡി/പി5/239/ 2020/ തീയതി 03/03/2020 | 27 | 1-6മുതൽ 1-32 വരെ |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്